
പ്രതീക്ഷയുടെ
പൂമൊട്ടുകൾ
മംഗളവാർത്ത-ദനഹാ ലക്കം 2011-'12
ക്രിസ്തുമസ്
പുതുവൽസരാശംസകൾ



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ

“വിനയം നിറയും മറിയത്തെ
ദൈവമുയർത്തീ വിണ്ണോളം
നിമിഷംകൊണ്ടൊരു ദാസിയിതാ
രാജകുമാരികയായ് മാറി
ദാവീദിൻ പ്രിയസുതനേ, നിൻ
ജനനസുമംഗളവാർത്തയിതാ
മന്നിൻ മകളാം മറിയത്തി-
ന്നേകീയുന്നതി സ്വർഗ്ഗത്തിൽ”

(മംഗളവാർത്താക്കാലം- ബുധൻ, റംശാ)

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



**വാല്യം 4 മംഗലവാർത്ത-ദനഹാ ലക്കം 2011–'12**


***"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"*** (1 തെസ 4,3).

## ഉള്ളടക്കം


- പരിശുദ്ധ കുർബാന: പരമാവധി സ്നേഹത്തിന്റെ കൂദാശ 3
- തൈലാഭിഷേകം: മാമ്മോദീസയുടെ പൂർത്തീകരണം 6
- ദൈവഹിതം നമ്മുടെ പറുദീസാ 10
- വചനം ഒരു സ്വരലയ കീർത്തനം 12
- എന്റെയും നിന്റെയും ജീവിതം അപരന് മംഗളവാർത്തയാണോ? 14
- ഐ ലവ് യു 16
- ഇരുപത്തിമൂന്നാമത്തെ പൊന്നോമന 18
- പഴയനിയമഗ്രന്ഥങ്ങളിലൂടെ 21
- നീയാണ് പ്രകാശം 24
- നീ കുടുംബത്തിന്റെ തായ്‌വേരാണ് 28
- കറുപ്പടിയുടെ മനശ്ശാസ്ത്രം 30



സ്പിരിച്ചൽ ഡയറക്ടർ:
**റവ. ഫാ. മാത്യു വെള്ളാനിക്കൽ**

ചീഫ് എഡിറ്റർ:
**ഷിനി മുതുപ്ലാക്കൽ എ.ഒ.**

എഡിറ്റോറിയൽ ബോർഡ്:
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**
**ഷീലമ്മ പൂതക്കുഴി എ.ഒ**

അഡ്വൈസറി ബോർഡ്:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അന്നമ്മ കുളത്തുപുരയിടം എ.ഒ.**

സർക്കുലേഷൻ മാനേജർ:
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**



**വാർഷിക വരിസംഖ്യ -50/-**

കവർ ഡിസൈനിംഗ്, ലേഔട്ട് & പ്രിന്റിങ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.,**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: prosanctity@gmail.com**





## എഡിറ്റോറിയൽ

# നന്മയുടെ പാതയിൽ...

**മി**ശിഹായുടെ ജനനവാർത്ത ആട്ടിടയരെ അറിയിച്ചതിനോടനുബന്ധിച്ച് സ്വർഗ്ഗീയവ്യൂഹം ആലപിച്ചത് സമാധാനസന്ദേശത്തിന്റെ ഗീതികളാണ് (ലൂക്കാ 2,14). എന്നാൽ ഉണ്ണീശോയെ കൈകളിലെടുത്ത് ശിമയോൻ പ്രവചിച്ചത് “ഇവൻ വിവാദ വിഷയമായ അടയാളമായിരിക്കും” (ലൂക്കാ 2,34) എന്നാണ്.

ഈശോയുടെ ജനനവും പരസ്യജീവിതവും ധ്യാനവിഷയമാക്കുന്ന മംഗള വാർത്ത-ദനഹാക്കാലങ്ങൾ കടന്നുവരികയാണല്ലോ. പാപികളായ മനുഷ്യരെ ദൈവി കരാക്കിത്തീർക്കാനാണ് വിണ്ണിന്റെ മഹത്ത്വം വെടിഞ്ഞ് അവിടുന്ന് മണ്ണിൽ ഭൂജാത നായത്. പാപിയെ സ്നേഹിച്ച ദൈവപുത്രൻ പാപത്തെയും തിന്മയെയും തള്ളിപ്പറ ഞ്ഞു; അന്ന് നിലവിലിരുന്ന അനാചാരങ്ങളെ അവിടുന്ന് തച്ചുടച്ചു; മനുഷ്യന്റെ നന്മ കാംക്ഷിക്കാത്ത നിയമത്തിന്റെ നൂലാമാലകളെ നിഷേധിച്ചു; ജീവൻ ത്യജിച്ചും സത്യ ത്തിനും നീതിക്കുംവേണ്ടി മുന്നേറി. അനേകായിരങ്ങൾക്ക് അവിടുന്ന് ആശ്വാസത്ത ണലായപ്പോൾ അസൂയനിറഞ്ഞ അധർമ്മികൾക്കും കപടഭക്തിയുടെ ബാഹ്യാനു ഷ്ഠാനങ്ങളിൽ മുഴുകിയവർക്കും ഈശോ അപ്രിയനായി മാറി.

കുടുംബങ്ങളിലും സമൂഹത്തിന്റെ പല മേഖലകളിലും നന്മതിന്മകളുടെ ഏറ്റു മുട്ടലുകൾ ഇന്നും ധാരാളമായി നടക്കുന്നു. ഇവിടെയൊക്കെ പാപബദ്ധമായ മനു ഷ്യപ്രകൃതിയെ കുറ്റപ്പെടുത്തി, തിന്മയുടെ ഉത്തരവാദിത്വത്തിൽനിന്ന് ഒളിച്ചോടു വാൻ നമുക്ക് സാധിക്കുകയില്ല. ദൈവം ‘എമ്മാനുവേൽ’ ആയത് എപ്പോഴും മനു ഷ്യന്റെ കൂടെയായിരിക്കാനാണ്. തിന്മയ്ക്കെതിരായുള്ള അവന്റെ പോരാട്ടത്തിൽ താങ്ങായി, തണലായി തമ്പുരാൻ കൂടെയുണ്ട്. ദൈവപുത്രൻ ഒരേസമയം സമാധാ നത്തിന്റെ ഉറവിടവും തർക്കത്തിന്റെ അടയാളവുമാകുന്നത് ദൈവം മനുഷ്യനു നല്കി യിരിക്കുന്ന സ്വാതന്ത്ര്യത്തിന്റെ വിനിയോഗത്തെ ആശ്രയിച്ചിരിക്കും. എപ്പോഴും നന്മ യുടെ വഴിയേ ചരിച്ചാൽ മനുഷ്യാവതാരത്തിന്റെ മഹനീയഫലങ്ങൾ നമ്മിലും പ്രതി ഫലിക്കും. പുതിയ വർഷത്തിൽ നന്മകളുടെ പാതകൾ മാത്രം തിരഞ്ഞെടുക്കാൻ സാധിക്കട്ടെ.

ഏവർക്കും ക്രിസ്തുമസ്സ്-ദനഹാത്തിരുനാളുകളുടെയും
പുതുവർഷത്തിന്റെയും മംഗളങ്ങൾ!!

**ഷിനി മുതുപ്ലാക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



**സെനക്കിൾ ആദ്ധ്യാത്മികത - 4**

# പരിശുദ്ധ കുർബാന: പരമാവധി സ്നേഹത്തിന്റെ കൂദാശ

**ഡോ. മാത്യു വെള്ളാനിക്കൽ**

സെനക്കിളിൽ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ പരമാവധി സ്നേഹത്തിന്റെ ശാശ്വതീകരണമാണ് പരി. കുർബാനയെന്ന കൂദാശ. ഇന്നും എന്നും ദൈവത്തിന്റെ പരമാവധി സ്നേഹവുമായി കണ്ടുമുട്ടാൻ മനുഷ്യന് അവിടുന്ന് ലഭ്യമാക്കിയിരിക്കുന്ന പരമോന്നത കൂദാശയാണ് പരി. കുർബാന. ഇതിന്റെ ഒരു സൂചനയാണ് യോഹന്നാൻശ്ലീഹാ അവതരിപ്പിക്കുന്ന സെനക്കിളിലെ അപ്പം മുറിക്കൽ രംഗം (യോഹ 13,21-30). വി. യോഹന്നാൻ തന്റെ സുവിശേഷത്തിൽ പരി. കുർബാനയുടെ സ്ഥാപനം വിവരിക്കുന്നില്ല. അത് മത്തായി സുവിശേഷകനിലും (26,26-30) മർക്കോസ് സുവിശേഷകനിലും (14,22-25) ലൂക്കാ സുവിശേഷകനിലും (22,14-23) മാത്രമേ നാം കാണുന്നുള്ളൂ. പരി. കുർബാന ദൈവത്തിന്റെ പരമാവധി സ്നേഹത്തിന്റെ കൂദാശയാണെന്ന് സൂചിപ്പിക്കുന്ന ചില വിശേഷണങ്ങൾ ഈ വിവരണങ്ങളിൽ കാണുന്നുണ്ട്.

**കർത്താവിന്റെ അത്താഴം**


പരി. കുർബാന കർത്താവിന്റെ അത്താഴമാണ്. അവിടുന്നാണ് ഈ പെസഹാ ആഘോഷം സ്ഥാപിച്ചത്. അവിടുന്നാണ് തന്റെ ശരീരരക്തങ്ങൾ വിലപ്പെട്ട ഭക്ഷണപാനീയങ്ങളായി മനുഷ്യകുലത്തിനു നല്കിയത്. ഈ അത്താഴത്തിന്റെ ആതിഥേയൻ ഈശോ തന്നെയാണ്. അതിഥികൾ അവിടുത്തെ ശിഷ്യന്മാരും. പത്രോസും യോഹന്നാനും യൂദാസുമൊക്കെ ആദ്യമേശയിലെ അതിഥികളായിരുന്നു. ഈശോയെ ആത്മാർത്ഥമായി സ്നേഹിച്ച പത്രോസും തീവ്രതയിൽ സ്നേഹിച്ച യോഹന്നാനും ഒറ്റിക്കൊടുക്കാൻ തീരുമാനമെടുത്ത യൂദാസുമൊക്കെ അവിടെ അതിഥികളായിരുന്നു. ഇന്നും ഈശോ അനുവദിക്കുന്ന എല്ലാവരും ഈ മേശയിലെ അതിഥികളാണ്. ഇത് കർത്താവിന്റെ മേശയാണ്. അവിടുത്തേക്കു മാത്രമേ രക്ഷയുടെ ദാനങ്ങൾ നല്കാൻ കഴിയൂ. മനുഷ്യനായി അവതരിച്ച അവിടുത്തേക്കു മാത്രമേ നമ്മുടെ ആവശ്യങ്ങൾ തിരിച്ചറിയുവാനാവുകയുള്ളൂ. അവിടുത്തേക്കു മാത്രമേ പാപമോചനം നല്കുവാൻ കഴിയൂ. കാരണം, അവിടുന്നാണ് ദൈവം. പൂർണബലിയർപ്പിക്കുവാൻ അവിടുത്തേക്കു മാത്രമേ കഴിയൂ. സ്വീകരിക്കാൻ മാത്രമേ നമുക്കു കഴിയൂ. ആണിപ്പഴുതുകളുള്ള അവിടുത്തെ കരങ്ങൾക്കൊണ്ട് സംലഭ്യമാക്കുന്ന സ്നേഹദാനങ്ങൾ സ്വീകരിക്കാൻ മാത്രം കഴിയുന്നവരാണ് മനുഷ്യർ.






**മിശിഹായുടെ കൂദാശ**

പരി. കുർബാന കർത്താവിന്റെ കൂദാശയാണ്. ആന്തരികവും അദൃശ്യവുമായ ദൈവകൃപയുടെ ബാഹ്യവും ദൃശ്യവുമായ ഒരടയാളമാണ് കൂദാശ. ഒരു പുഞ്ചിരി അദൃശ്യമനസ്സിലെ സൗഹൃദത്തിന്റെ ബാഹ്യപ്രകാശനമാണ്. വിവാഹമോതിരം സ്വയം സമർപ്പണത്തിന്റെ അടയാളമാണ്. ആകാശവും ഭൂമിയും അദൃശ്യനായ സ്രഷ്ടാവിന്റെ ദൃശ്യസാന്നിദ്ധ്യമാണ്. പരി. കുർബാനയെന്ന കൂദാശ അനന്യമായ അടയാളമാണ്. അടയാളപ്പെടുത്തുന്നതിനെ നല്കുന്നതുമാണ്. അപ്പവും വീഞ്ഞും-സർവ്വസാധാരണമായ അടയാളം; ഓരോ വ്യക്തിയോടും ഓരോ ഭവനത്തോടും ബന്ധപ്പെട്ട ഒരടയാളം; എല്ലാവരുമായി താദാത്മ്യപ്പെടുവാനാഗ്രഹിച്ച ദൈവത്തിന്റെ സ്നേഹത്തിന്റെ അടയാളം. ജീവിക്കാൻവേണ്ടി സ്വയം മരിച്ച്, ഇല്ലാതായ ഗോതമ്പുമണിയിൽനിന്നുമുണ്ടായ അപ്പം. മുന്തിരിച്ചക്കിൽ ഞെങ്ങിഞെരിഞ്ഞ് ഇല്ലാതായ മുന്തിരിക്കുലയിൽനിന്നും ഉരുത്തിരിഞ്ഞ വീഞ്ഞ്. മനുഷ്യരോടുള്ള സ്നേഹത്തെ പ്രതി സ്വന്തം ജീവൻ ത്യജിച്ച മിശിഹായുടെ കൂദാശയാണ് പരി. കുർബാന.



**കൃതജ്ഞതാപ്രകാശനം**

പുതിയനിയമം എഴുതപ്പെട്ട മൂലഭാഷയിൽ 'യൂക്കരിസ്റ്റ്' എന്ന ഗ്രീക്കുപദത്തിന് 'കൃതജ്ഞതാപ്രകാശനം' എന്നാണർത്ഥം. ഈ പദമാണ് പരി. കുർബാനയ്ക്ക് ഉപയോഗിക്കുന്നത്. അന്ത്യത്താഴ അപ്പം ആശീർവദിച്ച് മുറിച്ചപ്പോൾ ഈശോയും ശിഷ്യരും ദൈവസ്തുതികളും കൃതജ്ഞതാസ്തോത്രങ്ങളും അർപ്പിച്ചിരുന്നിരിക്കണം (ലൂക്കാ 22,17.19; മത്താ 26,30). 'ഡിഡാക്കെ' എന്ന രേഖയിൽ കുർബാനയാഘോഷം വിവരിക്കുന്ന ഭാഗത്ത് സ്തുതികൾ നിറഞ്ഞുനില്ക്കുന്ന ഒരു കീർത്തനമുണ്ട്. മനുഷ്യജീവിതത്തിലുടനീളം നിറഞ്ഞുനില്ക്കേണ്ട ഒന്നാണ് ദൈവസ്തുതിയും കൃതജ്ഞതയും. കാരണം, സൃഷ്ടി മുഴുവൻ അദൃശ്യനായ ദൈവത്തിന്റെ കൂദാശയാണെന്നു പറയാം. ദൈവത്തിന്റെ കൂദാശയുടെ കേന്ദ്രബിന്ദു ഈശോമിശിഹായുമാണ്. ഈശോമിശിഹായുടെ സാന്നിദ്ധ്യത്തിന്, അവിടുന്നിലൂടെ നല്കപ്പെടുന്ന പാപമോചകമായ ദൈവസ്നേഹത്തിന്, മനുഷ്യൻ ദൈവത്തിന് കൃതജ്ഞതാസ്ത്രോത്രം ആലപിക്കണം: "വാങ്ങി ഭക്ഷിക്കുവിൻ, ഇത് നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാണ്" (1 കോറി 11,24).

**ഉടമ്പടിയുടെ രക്തം**

കുർബാനസ്ഥാപനത്തിന്റെ വാക്കുകളിൽത്തന്നെ പരി. കുർബാന ഒരു ഉടമ്പടിയാണെന്ന് സൂചിപ്പിക്കുന്നുണ്ട്: "ഇത് പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്" (മത്താ 26,28). ദൈവം തന്റെ ജനമായ ഇസ്രായേലിനോടു ചെയ്ത പഴയ ഉടമ്പടിയോടും (പുറ 24,8), പ്രവാചകരിലൂടെ വാഗ്ദാനം ചെയ്ത പുതിയ ഉടമ്പടിയോടും (ജറെ 31,31) ബന്ധപ്പെട്ട ഒന്നാണ് ഈ ഉടമ്പടി. ദൈവം തന്റെ ജനത്തെ ഉടമ്പടിബന്ധത്തിലൂടെ സ്വന്തമാക്കി സ്ഥാപിച്ച സ്നേഹബന്ധത്തിന്റെ കൂദാശയാണ് പരി. കുർബാന. ദൈവവും ദൈവജനവും തമ്മിലുള്ള സ്നേഹബന്ധത്തിന് മുൻകൈയെടുക്കുന്നത് ദൈവംതന്നെയാണ്. ദൈവജനത്തിന്റെ ഭാഗത്തു

നിന്നും അവിശ്വസ്തതയുണ്ടായിട്ടും നില യ്ക്കാത്ത സ്നേഹമായി ഈ ബന്ധം പുതിയ ഉടമ്പടിയിൽ തുടരുന്നു. ദൈവത്തിന്റെ ഈ സ്നേഹത്തിന് പ്രത്യുത്തരിക്കാൻ കഴിവും ശക്തിയും നല്കുന്ന പുതിയ ഉടമ്പടിയുടെ കൂദാശയാണ് പരി. കുർബാന.

**ബലിയർപ്പണം**

"ഒരുവൻ തന്റെ സ്നേഹിതർക്കു വേണ്ടി സ്വജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല" എന്നു പറഞ്ഞുകൊണ്ട് (യോഹ 15, 13) ഈശോ നമുക്കുവേണ്ടിയർപ്പിച്ച ജീവിതബലിയുടെ ഓർമ്മയാചരിക്കലാണ് പരി. കുർബാന. അതോടൊപ്പം ഈശോയുടെ സ്നേഹത്തിന് പ്രതിസ്നേഹം നല്കിക്കൊണ്ട് നമ്മുടെ ജീവിതബലിയർപ്പിക്കാൻ അവസരമൊരുക്കുന്ന ബലിയർപ്പണവേദിയുമാണ് പരി. കുർബാന. പരമാവധിസ്നേഹത്തിൽ ദൈവവും മനഷ്യനും പരസ്പരം നല്കുന്ന സമർപ്പണ വേദിയാണ് പരി. കുർബാന.


**ഐക്യവും സഹവാസവും**

പരി. കുർബാനയിലൂടെ പാപങ്ങൾ ക്ഷമിക്കപ്പെട്ട് പാപികളായ മനുഷ്യർ ദൈവവുമായുള്ള ഐക്യത്തിനും സഹവാസത്തിനും യോഗ്യരായിത്തീരുന്നു. ദൈവവുമായുള്ള സഹവാസത്തിലൂടെ പരസ്പരമുള്ള സഹവാസത്തിലേക്കും അവർ കടന്നുവരുന്നു. സഭാത്മകമായ സാഹോദര്യത്തിൽ നവീകരിക്കപ്പെടുന്നതുവഴി മിശിഹായിൽ മനുഷ്യകുലം മുഴുവനോടുമുള്ള സ്നേഹസഹവാസത്തിനു നമ്മെ സജ്ജരാക്കുന്ന ഒരനുഭവമാണ് പരി. കുർബാന നമ്മിലുളവാക്കുന്നത്. പരമാവധിസ്നേഹത്തിൽ എല്ലാ മനുഷ്യരെയും ഒന്നിപ്പിക്കുവാൻ പര്യാപ്തമായ ഒരു ദൈവികരഹസ്യമാണ് പരി. കുർബാന.

**പ്രതീകാത്മകമായ അവതരണം**

മേൽപ്പറഞ്ഞവയെല്ലാം പ്രതീകാത്മകമായി അവതരിപ്പിക്കുന്ന അന്ത്യത്താഴരംഗമാണ് യോഹ 13,21-30: ശിഷ്യരുടെ മദ്ധ്യേ അപ്പം മുറിക്കുന്ന ഈശോ. വലത്തും ഇടത്തുമായി ഇരിക്കുന്ന യോഹന്നാനും യൂദാസും. അപ്പം മുറിക്കൽ പരമാവധിസ്നേഹത്തിന്റെ പങ്കുവയ്ക്കലിനെ സൂചിപ്പിക്കുന്നു. ഈശോയുടെ പരമാവധിസ്നേഹം സ്വീകരിച്ച് അതേയളവിൽ പ്രത്യുത്തരം നല്കുന്നവരെ യോഹന്നാൻ പ്രതിനിധീകരിക്കുന്നു. എന്നാൽ, സ്നേഹത്തോടുകൂടി സ്വീകരിച്ച് പ്രത്യുത്തരിക്കാത്തവരെ പ്രതിനിധീകരിക്കുന്നവനാണ് യൂദാസ്. അത് യൂദാസിന്റെ ശിക്ഷാവിധിക്ക് കാരണമാവുകയും ചെയ്യുന്നു. "അപ്പക്കഷണം സ്വീകരിച്ചതിനെത്തുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു" (13,27) എന്നും "ആ അപ്പക്കഷണം സ്വീകരിച്ച ഉടനെ അവൻ പുറത്തുപോയി. അപ്പോൾ രാത്രിയായിരുന്നു" (13,30) എന്നും പറയുന്നത് പരമാവധിസ്നേഹത്തിന് പ്രത്യുത്തരിക്കാൻ പരാജയപ്പെടുമ്പോഴുണ്ടാകുന്ന ശിക്ഷാവിധിയെയാണ് സൂചിപ്പിക്കുന്നത്. പരമാവധിസ്നേഹത്തിന്റെ കൂദാശയായ പരി. കുർബാനയിൽ വേണ്ടവിധം പങ്കുചേർന്ന് വിശുദ്ധിയിൽ വളരാൻ ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നു.

*പരമാവധിസ്നേഹത്തിൽ എല്ലാ മനുഷ്യരെയും ഒന്നിപ്പിക്കുവാൻ പര്യാപ്തമായ ഒരു ദൈവികരഹസ്യമാണ് പരിശുദ്ധ കുർബാന.*



പ്രതീക്ഷയുടെ പൂമൊട്ടുകൾ

കൗദാശിക ആദ്ധ്യാത്മികത-3

# തൈലാഭിഷേകം: മാമ്മോദീസായുടെ പൂർത്തീകരണം



ഡോ. തോമസ് പുവത്താനിക്കുന്നേൽ

മാമ്മോദീസയുടെ പൂർത്തീകരണമാണ് തൈലാഭിഷേകം. മാമ്മോദീസാ സ്വീകരിച്ച വ്യക്തികളെ ആത്മാവിന്റെ അഭിഷേകത്തിനായി തൈലം പൂശി വേർതിരിക്കുന്നു. ഇത് മുദ്രവയ്ക്കലാണ്. തൈലംകൊണ്ട് റൂശ്മ ചെയ്യുന്നത്, അഥവാ മുദ്രവയ്ക്കുന്നത് ആ വ്യക്തിയെ കർത്താവിന്റേതായി വേർതിരിക്കുന്നതിന്റെ പ്രതീകമാണ്. മണ്ണിൽ നിന്ന് രൂപപ്പെടുത്തിയ മനുഷ്യന് തന്റെ സാദൃശ്യവും ഛായയും ദൈവം പ്രദാനം ചെയ്തത് അവനിലേക്ക് തന്റെ ജീവശ്വാസം നിശ്വസിച്ചുകൊണ്ടാണ്; തന്റെ ആത്മാവിനെ നൽകി മനുഷ്യനെ ദൈവം പൂർണ്ണനാക്കി. മാമ്മോദീസയിൽ പുതുജന്മം പ്രാപിക്കുന്ന ഒരുവന് പരിശുദ്ധാത്മാവിന്റെ അഭിഷേകം നൽകുന്ന തൈലാഭിഷേകമെന്ന കൂദാശയിലൂടെ ദൈവികഛായ നൽകി ദൈവപുത്രത്വത്തിന്റെ പൂർണ്ണതയിലേക്ക് ആനയിക്കുന്നു.

**പരിശുദ്ധാത്മാവിന്റെ കൂദാശ**

എല്ലാ കൂദാശകളിലും പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു; അവിടുത്തെ ദാനവരങ്ങൾ പ്രദാനം ചെയ്യുന്നു. എങ്കിലും പരിശുദ്ധാത്മാവിന്റെ കൂദാശ എന്ന് പ്രത്യേകം അറിയപ്പെടുന്ന ഒന്നാണ് തൈലാഭിഷേകം. “സഹോദരരേ, നമ്മുടെ പിതാക്കന്മാരെല്ലാവരും മേഘത്തണലിൽ ആയിരുന്നുവെന്നും കടലി ലൂടെ കടന്നുവെന്നും നിങ്ങൾ മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അവരെ

ല്ലാവരും മേഘത്തിലും കടലിലും സ്നാനമേറ്റ് മോശയോടു ചേർന്നു (1 കോറി 10,1-2). വിശുദ്ധ പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭാംഗങ്ങളെ അനുസ്മരിപ്പിക്കുന്നതുപോലെ, മാമോദീസായിലൂടെ കടലിൽ സ്നാനമേറ്റ നാം തൈലാഭിഷേകത്തിലൂടെ മേഘത്തിൽ സ്നാനമേൽക്കുന്നു. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നത് മേഘം പരിശുദ്ധാത്മാവിന്റെ പ്രതീകമാണെന്നാണ്. കടലിലൂടെ കടന്ന് വാഗ്ദത്തഭൂമിയിലേക്കുള്ള തീർത്ഥാടനം നടത്തിയ ദൈവജനത്തിന് മരുഭൂമിയിൽ തണലില്ലാതെ യാത്ര അസാധ്യമാണ്. വിശാലമായ മരുഭൂമിയിൽ യാത്ര ചെയ്യുവാൻ ദിക്കറിയണം, വഴിയറിയണം. അവിടെ കടൽ കടന്നെത്തിയവർക്ക് തണലേകുവാനും വഴികാട്ടാനും അവരോടൊപ്പം സഹയാത്രികനും സഹായിയുമായി മേഘസ്തംഭം ഉണ്ടായിരുന്നു. അതുപോലെ മാമ്മോദീസാ ജലത്തിൽ സ്നാനമേറ്റ് സഭയാകുന്ന ദൈവാനുഭവത്തിന്റെ മരുഭൂമിയിലൂടെ സ്വർഗ്ഗമാകുന്ന വാഗ്ദത്തഭൂമിയെ ലക്ഷ്യമാക്കി യാത്രചെയ്യുന്ന പുതിയനിയമ ജനമായ സഭാതനയർക്ക് പരിശുദ്ധാത്മാവിന്റെ അഭിഷേകം നൽകുന്ന ദിവ്യരഹസ്യമാണ് തൈലാഭിഷേകം എന്ന കൂദാശ. ഇതുവഴി പരിശുദ്ധാത്മാവിന്റെ അഭിഷേകം നമുക്കെപ്പോഴും തണലായി, സംരക്ഷണമായി, വഴികാട്ടിയായി സംലഭ്യമാകുന്നു.

ചെങ്കടൽ കടക്കുന്ന ദൈവജനത്തോടൊപ്പവും അതിനുശേഷവും മേഘസ്തംഭമുണ്ടായിരുന്നു. അതുപോലെ ആത്മാവിന്റെ സംരക്ഷണവും സഹായവും നമുക്കുമുണ്ടാവണം. അതിനാലാണ് തൈലാഭിഷേകം മാമോദീസയോടൊപ്പം ആഘോഷിക്കുന്നത്. ശ്ലീഹന്മാരുടെ നടപടിയിൽ, പരിശുദ്ധാത്മാവിനെ സ്വീകരിക്കാത്ത മാമ്മോദീസയെ അപവാദമായിട്ടാണ് കാണുന്നത്: ''നിങ്ങൾ വിശ്വാസികളായപ്പോൾ പരിശുദ്ധാത്മാവിനെ സ്വീകരിച്ചുവോ? അവർ പറഞ്ഞു: ഇല്ല, പരിശുദ്ധാത്മാവ് എന്നൊന്ന് ഉണ്ടെന്ന് ഞങ്ങൾ കേട്ടിട്ടുപോലുമില്ല. അവൻ ചോദിച്ചു: എങ്കിൽ പിന്നെ നിങ്ങൾ ഏതു മാമ്മോദീസയാണ് സ്വീകരിച്ചത്? അവർ പറഞ്ഞു: യോഹന്നാന്റെ മാമ്മോദീസ. അപ്പോൾ പൗലോസ് പറഞ്ഞു: .... അനുതാപത്തിന്റെ മാമ്മോദീസായാണ് യോഹന്നാൻ നൽകിയത്. അവർ ഇതുകേട്ട് കർത്താവായ ഈശോയുടെ നാമത്തിൽ മാമ്മോദീസാ സ്വീകരിച്ചു. പൗലോസ് അവരുടെ മേൽ കൈകൾ വച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു'' (നട 19,1-6). ഈ തിരുവചനങ്ങൾ വ്യക്തമാക്കുന്നതുപോലെ മാമ്മോദീസായുടെ പൂർത്തീകരണമാണ് പരിശുദ്ധാത്മാവിന്റെ അഭിഷേകം നല്കുന്ന തൈലാഭിഷേകമെന്ന കൂദാശ. അതില്ലാതുള്ള മാമ്മോദീസാ ക്രൈസ്തവമല്ല.

**ശ്ലൈഹികകർമ്മം**


പരിശുദ്ധാത്മാവിന്റെ അഭിഷേകം ചൊരിയപ്പെടുന്ന ശുശ്രൂഷ നിർവ്വഹിക്കുന്നത് ശ്ലീഹന്മാരാണ്. അതായത് ശ്ലൈഹികമായ ഒരു കർമ്മമാണ് പരിശുദ്ധാത്മാവിന്റെ അഭിഷേകം നൽകുക എന്നത്. ''സമരിയാക്കാർ ദൈവവചനം സ്വീകരിച്ചുവെന്നു കേട്ടപ്പോൾ ജറുസലേമിലുള്ള ശ്ലീഹന്മാർ പത്രോസിനെയും യോഹന്നാനെയും അവരുടെയടുക്കലേക്ക് അയച്ചു. അവർ ചെന്ന് അവിടെയുള്ളവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കേണ്ടതിന് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. കാരണം, അതുവരെ പരിശുദ്ധാത്മാവ് അവരിലാരുടെയുംമേൽ വന്നിരുന്നില്ല. അവർ കർത്താവായ ഈശോയുടെ നാമത്തിൽ മാമ്മോദീസാ



സ്വീകരിക്കുക മാത്രമേ ചെയ്തിരുന്നുള്ളു" (നട 8,14-17).

സഭയിൽ ശ്ലീഹന്മാരുടെ ശുശ്രൂഷ തുടരുന്ന മെത്രാന്മാരാണ് കൈവയ്പിലൂടെ ആത്മാവിന്റെ വരങ്ങൾ നൽകിയിരുന്നത്. സഭ സാർവ്വത്രികമായി വളർന്നപ്പോൾ ശ്ലൈഹിക ശുശ്രൂഷയിൽ മെത്രാന്മാരുടെ വികാരിമാരായി (വികാരി എന്നാൽ പകരക്കാരൻ എന്നർത്ഥം) നിയുക്തരായവർ മെത്രാന്മാർ കൂദാശചെയ്ത തൈലം (മൂറോൻ) ഉപയോഗിച്ച് ഈ ദൗത്യം നിർവ്വഹിച്ചു. പുരോഹിതർ ശ്ലൈഹിക ശുശ്രൂഷയിൽ മെത്രാന്മാരുടെ പങ്കാളികളാണ്. എന്നാൽ പാശ്ചാത്യസഭയിൽ ഇതു മെത്രാന്മാർ തന്നെ തുടർന്നു. അതിനാൽ പലപ്പോഴും മാമ്മോദീസയ്ക്കുശേഷം മറ്റൊരവസരത്തിലേക്ക് ഇതു മാറ്റി വയ്ക്കേണ്ടതായും വന്നു. പാശ്ചാത്യ സഭയിൽ ഇന്ന് ഓരോ രൂപതയിലും ചില പ്രത്യേക പുരോഹിതന്മാർക്ക് ഇതിനുള്ള അധികാരംനൽകി അവരെ മെത്രാന്മാരുടെ സഹശുശ്രൂഷകരാക്കിതീർക്കുന്നുണ്ട്. എന്നാൽ പൗരസ്ത്യ സഭകളിൽ ആരംഭകാലംമുതൽ ഈ കൂദാശകൾ (മാമ്മോദീസയും തൈലാഭിഷേകവും) ഒന്നിച്ചാണ് നൽകപ്പെട്ടിരുന്നത്. നാം മുമ്പു കണ്ടതുപോലെ ആത്മാവിന്റെ അഭിഷേകം മാമ്മോദീസയുടെ അവിഭാജ്യഘടകമായി പഴയനിയമ പ്രതീകവും പുതിയനിയമ നടപടിയും വ്യക്തമാക്കുന്നതുകൊണ്ടാണ് ഈ കൂദാശകൾ ഒരുമിച്ച് നൽകിയിരുന്നത്. ലത്തീകരണം ഈ പാരമ്പര്യത്തിന്റെ തുടർച്ചയ്ക്ക് വിഘ്നം വരുത്തിയെങ്കിലും ഇപ്പോൾ ഈ പാരമ്പര്യം നാം വീണ്ടെടുത്തിട്ടുണ്ട്.

പാശ്ചാത്യസഭ ഈ കൂദാശയെ സ്ഥൈര്യലേപനം എന്നു വിളിക്കുന്നു. അവരുടെ ദർശനത്തിൽ ഇത് വിശ്വാസിയെ വിശ്വാസത്തിൽ സ്ഥിരീകരിക്കുന്നു; സഭയുടെ ദൗത്യവാഹകനായി നിയോഗിക്കുന്നു; വിശ്വാസത്തിന്റെ പ്രഘോഷണത്തിന് ഒരുവനെ ചുമതലപ്പെടുത്തുന്നു. അതിനാൽ ഒരുവന് പ്രായപൂർത്തിയായശേഷം സ്ഥൈര്യലേപനം നല്കുന്നു. എന്നാൽ പൗരസ്ത്യ സഭകളെ സംബന്ധിച്ച് തൈലാഭിഷേകം മാമ്മോദീസയുടെ പൂർത്തീകരണവും പരിശുദ്ധാത്മാവിന്റെ അഭിഷേകവും ദൈവപുത്രത്വത്തിലുള്ള മുദ്രവയ്ക്കലുമാണ് എന്നതിനാൽ മാമ്മോദീസക്കൊപ്പം നൽകപ്പെടുന്നു.




*തൈലാഭിഷേകം മാമ്മോദീസായുടെ പൂർത്തീകരണവും പരിശുദ്ധാത്മാവിന്റെ അഭിഷേകവും ദൈവപുത്രത്വത്തിലുള്ള മുദ്രവയ്ക്കലുമാണ്*

**തൈലാഭിഷേകം നമ്മെ ദൈവാലയമായി കൂദാശ ചെയ്യുന്നു.**

എഫേസോസ് 2,19-22 സഭയെക്കുറിച്ചും സഭാംഗങ്ങളെക്കുറിച്ചും ഇപ്രകാരം പറയുന്നു: "ഇനിമേൽ നിങ്ങൾ അന്യരോ പരദേശികളോ അല്ല; വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്. ശ്ലീഹന്മാരും പ്രവാചകൻമാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് മിശിഹായാണ്. മിശിഹായിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു; കർത്താവിൽ പരിശുദ്ധമായ ആലയമായി അതു വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു." 1 കോറി 3,16-17 ക്രൈസ്തവരെക്കുറിച്ചു പറയുന്നത് ശ്രദ്ധേയമാണ്, "നിങ്ങൾ ദൈവത്തിൻെറ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിൻെറ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ, ദൈവത്തിൻെറ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾ തന്നെ." 1കോറി 6:19-20 ഉം വെളിപ്പെടുത്തുന്നു: "നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണു നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. ആകയാൽ, നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്ത്വപ്പെടുത്തുവിൻ."



തൈലാഭിഷേകം നമ്മെ ദൈവാലയമായി കൂദാശചെയ്യുന്നു. ആകയാൽ മറ്റൊരഭിഷേകം അന്വേഷിക്കുന്നത് അർത്ഥശൂന്യമാണ്. ക്രൈസ്തവരെ സംബന്ധിച്ച് അവർ പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനായി അത്ഭുതകേന്ദ്രങ്ങൾ തേടിയലയുന്നത് വിരോധാഭാസമാണ്. ആയിരിക്കുന്നതിനെ തിരിച്ചറിയുവാനും അതിനെ ആദിമപരിശുദ്ധിയിൽ സൂക്ഷിക്കുവാനുമുള്ള ഉത്തരവാദിത്വമാണവർക്കുള്ളത്. ദൈവാലയത്തെ ശുദ്ധീകരിക്കുന്ന ഈശോ പറയുന്നു: "പ്രാവുകളെ വിൽക്കുന്നവരോട് അവൻ കല്പിച്ചു: ഇവയെ ഇവിടെനിന്ന് എടുത്തുകൊണ്ടുപോകുവിൻ. എൻെറ പിതാവിൻെറ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്" (യോഹ 2,16). "അവൻ അവരോടു പറഞ്ഞു: എൻെറ ആലയം പ്രാർഥനാലയം എന്ന് എഴുതപ്പെട്ടിരിക്കുന്നു. നിങ്ങളോ അതിനെ കവർച്ചക്കാരുടെ ഗുഹയായി മാറ്റിയിരിക്കുന്നു" (ലൂക്കാ 19,46).

പുതിയൊരു അഭിഷേകം അന്വേഷിച്ചലയാതെ ആയിരിക്കുന്നതിൽ വന്നുചേർന്നിരിക്കുന്ന കച്ചവടഭാവങ്ങളെ നീക്കിക്കളയുകയും ദൈവഭവനമായി നമ്മെത്തന്നെ തിരിച്ചറിഞ്ഞ് അതിനെ സ്വജീവിതത്തിലൂടെ ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ഒരിടമായി മാറ്റുകയും ചെയ്യുമ്പോൾ അഭിഷേകാഗ്നി നമ്മിൽ കത്തിപ്പടരും. നമ്മിൽ ദൈവാനുഭവത്തിന്റെ പ്രഭ മോശക്കെന്നതുപോലെ അനേകർക്കും അനുഭവവേദ്യമാകും.

> *തൈലാഭിഷേകം നമ്മെ ദൈവാലയമായി കൂദാശചെയ്യുന്നു. ആകയാൽ മറ്റൊരഭിഷേകം അന്വേഷിക്കുന്നത് അർത്ഥശൂന്യമാണ്.*






# ദൈവഹിതം നമ്മുടെ പറുദീസാ

മനുഷ്യകുലവുമായുള്ള ദൈവത്തിന്റെ സംസാരം-4


റോസമ്മ കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഈശോ** ചരിത്രത്തിന്റെ കേന്ദ്ര സ്ഥാനമാണ്. ചരിത്രത്തിലെ വെളിപ്പെടുത്തലുകൾ മിശിഹാകേന്ദ്രീകൃതമാണ്. രണ്ടായിരം വർഷങ്ങൾക്കുമുമ്പുള്ള ഈശോയുടെ വെളിപ്പെടുത്തലുകൾ അക്കാലത്ത് ആ പ്രത്യേക പ്രദേശത്തുള്ളവർക്കു വേണ്ടി മാത്രമായിരുന്നില്ല. ഇന്ന് ജീവിക്കുന്ന നമുക്ക് ഓരോരുത്തർക്കും വേണ്ടിയുള്ളതാണ്. അവിടുത്തെ വെളിപ്പെടുത്തലുകൾ ഒരു സ്മാരകസതംഭം പോലെ ആരിലും ഒരു ചലനവും സൃഷ്ടിക്കാതെ നിൽക്കുകയല്ല.

ഈശോയുടെ സംസാരം എപ്പോഴും ഒരു പുതുമയുള്ളതാണ്. ഈ പുതുമയാകട്ടെ പറഞ്ഞവ വീണ്ടും ആവർത്തിക്കപ്പെടുകയില്ല എന്നതാണ്. അവിടുത്തെ സംസാരത്തിന്റെ ഭാഷ കൃപയുടെ ഭാഷയാണ്, ആന്തരിക പ്രചോദനമാണ് ഇത്, കൂടുതൽ നിയതവും അഗാധവും വ്യക്തിപരവുമാണ്; നിർബന്ധം ചെലുത്തുന്നതാണ്. നമ്മെ എപ്പോഴും അനുധാവനം ചെയ്യുന്ന പ്രവർത്തകവരപ്രസാദം ഈ ദൈവിക സംഭാഷണത്തിന്റെ ഒരു രീതിയാണ്. കർത്താവ് നമ്മോട് ഇടതടവില്ലാതെ സംഭാഷിക്കുകയാണ്. അതുകൊണ്ടുതന്നെ നാമും ഇടതടവില്ലാതെ ഈ സംഭാഷണത്തിന് മറുപടി നൽകേണ്ടവരാണ്. പക്ഷേ, നമ്മിൽ അധിക പേരും ദൈവത്തെ നിരന്തരം ശ്രവിച്ച് മറുപടി നൽകുന്നതിനായി ശ്രമിക്കുന്നില്ല, എന്നുമാത്രമല്ല ശ്രവിക്കേണ്ടതിന്റെ ആവശ്യകത ഗൗരവമായി കണക്കാക്കാതെ ശാന്തരായി നമ്മുടേതായ വഴിയിലൂടെ, തോന്നലുകളിലൂടെ നടന്നു നീങ്ങുകയാണ്. എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടായാൽ മാത്രം ദൈവത്തെ വിളിക്കുന്നു. ഇങ്ങനെയുള്ള മനുഷ്യന്റെ പോക്കിൽ ദൈവം ചിലപ്പോൾ ബലാൽക്കാരമായി ഇടപെടുന്നു. ചില വ്യക്തികളിൽ സംഭവിക്കുന്ന മാനസാന്തരത്തിന്റെ കഥകൾ ദൈവത്തിന്റെ ഈ വിധത്തിലുള്ള ഇടപെടലുകളുടേതാണ്.

വി. ഗ്രന്ഥത്തിൽ ദൈവം ബലപ്രയോഗത്തിലൂടെ പലരേയും കീഴ്പ്പെടുത്തി തന്റെ വഴിയിലൂടെ നടത്തുന്നതായി കാണാം. അബ്രാഹ

ത്തിന്റെ ചരിത്രം എടുത്താൽ ഒരു സുപ്രഭാതത്തിൽ ദൈവം അബ്രാഹവുമായി സംഭാഷണത്തിൽ ഏർപ്പെടുന്നു. അവിടുന്ന് പറയുന്നു: ‘‘നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട് ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്ക് പോകുക” (ഉൽപ 12:1). മോശയുടെ കാര്യത്തിലും എല്ലാം ഉപേക്ഷിച്ചുപോകുവാൻ ദൈവം ആവശ്യപ്പെടുന്നു (പുറ 3:10). ദൈവത്തിന്റെ ഈ ഇടപെടലിൽ മോശ തന്റെ അയോഗ്യതയെ ദൈവത്തിന്റെ മുമ്പിൽ നിരത്തിക്കൊണ്ട് ദൈവം ആവശ്യപ്പെടുന്ന സാഹസികമായ ഒരു ജീവിതത്തിൽ നിന്നും ഒഴിഞ്ഞുമാറുവാൻ നോക്കുന്നു. മോശ ഉന്നയിച്ച ഒഴികഴിവുകളൊന്നും വിലപ്പോയില്ല. ഒടുവിൽ ദൈവത്തിന് സമ്പൂർണമായി തന്നെ വിട്ടുകൊടുക്കുന്നു. യോനാപ്രവാചകന്റെ അനുഭവം നോക്കിയാലോ, ദൈവത്തിന്റെ ഇടപെടലിന്റെ ആദ്യം സമ്മതഭാവം കാണിച്ചുവെങ്കിലും ഭയം നിമിത്തം ഒളിച്ചോടുകയാണ്. പിന്നീട് യോനായുടെ ജീവിതത്തിൽ സംഭവിച്ചതെല്ലാം യോനാ തന്റെ ജീവിതം ദൈവത്തിന് അടിയറവയ്ക്കുന്നതിനുവേണ്ടിയുള്ള ദൈവത്തിന്റെ ഇടപെടലുകളായിരുന്നു. വി. പൗലോസിന്റെ മാനസാന്തര ചരിത്രവും ദൈവത്തിന്റെ ബലപ്രയോഗത്തോടുകൂടിയുള്ള ഇടപെടലിന്റെ മറ്റൊരു ഉദാഹരണമാണ്. “ഇരുമ്പാണിമേൽ തൊഴിക്കുന്നത് നിനക്ക് അപകടമാണ്’’ എന്ന് പറഞ്ഞ് കർത്താവ് അദ്ദേഹത്തെ കീഴ്പ്പെടുത്തുകയാണ്.



ദൈവത്തിന്റെ ബലാൽക്കാരമായ ഇടപെടലിനെ മനുഷ്യന്റെ ബലാൽക്കാരണവുമായി സാമ്യപ്പെടുത്തുവാൻ പാടില്ല. മനുഷ്യന്റെ ബലപ്രയോഗം മുഴുവനും അവന്റെ സ്വാർത്ഥതയുടെ പേരിലാണ്. ദൈവസ്നേഹത്തിന്റെ ബലപ്രയോഗമാകട്ടെ സ്വാർത്ഥതയ്ക്കു നേരെ വിപരീതമാണ്. മേൽപ്പറഞ്ഞതുപോലെ ചിലപ്പോഴൊക്കെ ദൈവത്തിന്റെ ദിവ്യമായ സംഭാഷണം ആരംഭിക്കുന്നത് ബലപ്രയോഗത്തിലൂടെയാണ്. ഇതിന്റെ ലക്ഷ്യം സ്നേഹമല്ലാതെ മറ്റൊന്നുമല്ല. നമ്മോടു സംസാരിക്കുന്ന ദൈവത്തിന്റെ മുമ്പിൽ നാം നിസ്സംഗരായി നിലകൊള്ളാൻ പാടില്ല. ദൈവത്തിന്റെ സംസാരം നമ്മെ സംബന്ധിച്ച് വലിയ ഉത്തരവാദിത്വത്തെയാണ് സൂചിപ്പിക്കുക.

**അവിടുത്തെ ശ്രവിക്കുന്നതിന് നമ്മെ തടസ്സപ്പെടുത്തുന്നതായവയെ കണ്ടെത്തി, അവയെ അതിജീവിക്കുവാൻ പരിശ്രമിച്ചുകൊണ്ട് ദൈവഹിതത്തിന് സ്വജീവിതത്തിൽ പ്രഥമസ്ഥാനം കൊടുത്തുകൊണ്ടുള്ള ഒരു ജീവിതശൈലി വളർത്തിയെടുക്കണം. ദൈവഹിതം നിറവേറ്റിക്കൊണ്ടുള്ള ജീവിതമാണ് സമാധാനവും വിശുദ്ധിയും കൈവരിക്കുന്നത്. ദൈവഹിതം നിറവേറുന്നതിലൂടെ മാത്രമേ ഈ ലോകജീവിതത്തിലും നമ്മുടെ പറുദീസാ കണ്ടെത്താനാവൂ.**









# വചനം ഒരു സ്വരലയ കീർത്തനം

ഡോ. ജോസഫ് റോബി
ആലഞ്ചേരി

മാർപാപ്പയുടെ ശ്ലൈഹിക പ്രബോധനങ്ങൾ പരിചയപ്പെടുത്തുന്ന ഒരു പംക്തിയാണിത്. "കർത്താവിന്റെ വചനം" എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിക്കപ്പെട്ട ബെനഡിക്റ്റ് 16-ാമൻ മാർപാപ്പയുടെ സിനഡനന്തര അപ്പസ്തോലിക ഉദ്ബോധനമാണ് ഇത്തരുണത്തിൽ ചർച്ചാവിഷയമാക്കുന്നത്.

**പ്രബോധനരേഖയുടെ പശ്ചാത്തലവും ഉള്ളടക്കവും**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ "ദൈവവചനം" (Dei Verbum) എന്ന പ്രമാണരേഖയ്ക്കുശേഷം തിരുവചനത്തെ സംബന്ധിച്ച് സഭ പുറപ്പെടുവിക്കുന്ന ഏറ്റവും ആധികാരികവും സമഗ്രവുമായ പ്രബോധനരേഖയാണിത്. 2008 ഒക്ടോബറിൽ നടന്ന 12-ാമത് മെത്രാൻസിനഡിന്റെ ചർച്ചകൾ ക്രോഡീകരിച്ചാണ് ഈ രേഖ തയ്യാറാക്കപ്പെട്ടിരിക്കുന്നത്. "ദൈവവചനം സഭയുടെ ജീവിതത്തിലും ദൗത്യത്തിലും" എന്ന പ്രമേയമായിരുന്നു മെത്രാന്മാർ അന്ന് ചർച്ച ചെയ്തത്. സിനഡിന്റെ ശുപാർശകളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ മാർപാപ്പാ തന്നെ പുറപ്പെടുവിക്കുന്ന സിനഡനന്തര ശ്ലൈഹിക പ്രബോധനമാണിത്. അതായത്, മെത്രാന്മാരുടെ കൂട്ടായ ചിന്തയുടെയും പ്രാർത്ഥനയുടെയും സമ്മാനമാണിത്.

മൂന്ന് അധ്യായങ്ങളിലാണ് ഈ രേഖയുടെ ഉള്ളടക്കം ക്രമീകരിച്ചിരിക്കുന്നത്. 1.ദൈവത്തിന്റെ വചനം, 2. ദൈവവചനം സഭയിൽ, 3. ദൈവവചനം ലോകത്തിൽ എന്നിവയാണവ. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖ ഉപസംഹരിക്കുന്ന തിരുവചനം ഉദ്ധരിച്ചുകൊണ്ടാണ് ഈ രേഖ ആരംഭിക്കുന്നത്, "കർത്താവിന്റെ വചനം നിത്യം നിലനിൽക്കുന്നു" (1 പത്രോ 1,25).

**പ്രബോധനരേഖയുടെ ഉദ്ദേശ്യം**

ഈ ശ്ലൈഹിക പ്രബോധനത്തിലൂടെ വിവിധങ്ങളായ ഉദ്ദേശലക്ഷ്യങ്ങളാണ് സഭയ്ക്കു

ള്ളത്. ഒന്നാമതായി, മെത്രാൻ സമ്മേളനത്തിന്റെ കൂട്ടായ ചിന്തയിൽനിന്ന് ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ദൈവജനത്തെ മുഴുവൻ അറിയിക്കുക. രണ്ടാമതായി, സഭയിൽ നിരന്തരം നടക്കേണ്ട നവീകരണത്തിന്റെ ഉറവിടമായി ദൈവവചനത്തെ പുനഃപ്രതിഷ്ഠിക്കാൻ സഹായകരമായ ചില അടിസ്ഥാന സമീപനങ്ങൾ ചൂണ്ടിക്കാട്ടുക. അതായത്, ബൈബിൾ ഒരു ഭൂതകാലവചനമായി ഒതുങ്ങാതെ ജീവനുള്ളതും കാലോചിതവുമായി തീരണം.

മൂന്നാമതായി, സഭയുടെ അജപാലനപ്രവർത്തനത്തിൽ ബൈബിളിന് വർദ്ധിച്ച ഊന്നൽ നൽകുക. മറ്റു വാക്കുകളിൽ പറഞ്ഞാൽ, സഭാസംബന്ധമായ എല്ലാപ്രവർത്തനങ്ങളുടെയും കാതലായ അംശം ദൈവവചനം ആയിരിക്കണം. നാലാമതായി, വചനത്തിന്റെ സജീവസാക്ഷികളായി മാറാൻ വിശ്വാസികളെ കഴിവുള്ളവരാക്കുക. ദൈവത്തെ കണ്ടുമുട്ടാനും അതിൽനിന്നും ലഭിക്കുന്ന സ്നേഹം പങ്കുവെയ്ക്കാനും സാധിക്കുക എന്നതിനെക്കാൾ മുൻഗണന അർഹിക്കുന്നതായി യാതൊന്നുമില്ല.

അഞ്ചാമതായി, നവസുവിശേഷവത്കരണത്തിന് സജ്ജരാക്കുക. സുവിശേഷം വിസ്മരിക്കുകയും വ്യാപകമായ നിരപേക്ഷതമൂലം സുവിശേഷത്തോട് ഉദാസീനതയോ എതിർപ്പോ പുലർത്തുന്ന സ്ഥലങ്ങളിൽ നടക്കേണ്ട സുവിശേഷ പ്രക്രിയയെയാണ് മേൽപറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആറാമതായി, സഭൈക്യസംഭാഷണത്തിന് ഉത്തേജനം നൽകാൻ സഹായകരമാകുംവിധം ക്രിസ്ത്യാനികൾ തിരുവചനം ഒന്നിച്ചു വായിക്കുകയും ധ്യാനിക്കുകയും ചെയ്യുക. അവസാനമായി, വചനത്തെ കൂടുതൽ സ്നേഹിക്കാൻ പ്രേരിപ്പിക്കുക. കാരണം ''ദൈവവചനത്തെക്കുറിച്ചുള്ള അജ്ഞത മിശിഹായെക്കുറിച്ചുള്ള അജ്ഞത തന്നെയാണ്'' (വി. ജറോം).

### "വചനം" എന്ന വാക്കിന്റെ വ്യത്യസ്ത അർത്ഥങ്ങൾ

"ദൈവവചനം" എന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ഉയരുന്ന ആദ്യചിത്രം ബൈബിളിന്റേതാണ്. ദൈവവചനം എന്നാൽ വി. ഗ്രന്ഥം എന്നാണ് നാം സാധാരണ മനസ്സിലാക്കാറുള്ളത്. എന്നാൽ ''വചനം'' എന്ന വാക്കിന് ബഹുമുഖ അർത്ഥമുണ്ടെന്ന് ഈ രേഖ ഓർമ്മിപ്പിക്കുന്നു. ഈ പദത്തിനുപിന്നിൽ ആശയങ്ങളുടെ "സ്വരലയം" ഉണ്ട് (Symphony). "വചനം" ആത്യന്തികമായി സൂചിപ്പിക്കുന്നത് ദൈവപുത്രനായ ഈശോമിശിഹായെയാണ്. യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖം ഈ സത്യമാണ് പ്രഘോഷിക്കുന്നത്. ആയതിനാൽ വചനം വി. ഗ്രന്ഥത്തിൽ മാത്രം ഒതുങ്ങുന്നില്ല. പ്രകൃതി എന്ന പുസ്തകത്തിലും വചനത്തിന്റെ ബഹുസ്വരം കേൾക്കാനാവും. ബൈബിളും പ്രപഞ്ചവും ദൈവിക വെളിപാടിന്റെ രണ്ടു പുസ്തകങ്ങളായിട്ടാണ് ഈ രേഖ അവതരിപ്പിക്കുന്നത്. സുറിയാനിസഭയുടെ മല്പാനായ മാർ അപ്രേം (AD 306-373) എഴുതിയ പറുദീസാഗീതം എന്ന പ്രബോധനഗീതത്തിൽ (മദ്‌രാശാ) ഈ സത്യം മനോഹരമായി കുറിച്ചിട്ടുണ്ട്.

വിശുദ്ധ ഗ്രന്ഥത്തിന്റെ പൊരുൾ തുറക്കുന്ന വിശ്വാസസംഹിതയുടെ താക്കോൽ സൃഷ്ടി എന്ന പുസ്തകമായി എന്റെ കൺമുമ്പിൽ തുറക്കപ്പെട്ടിരിക്കുന്നു (Par 6,1).

മറ്റൊരുഗീതത്തിൽ, പ്രപഞ്ചത്തെയും, പഴയ-പുതിയ നിയമങ്ങളെയും മിശിഹാ ഏകസ്വരത്തിൽ മീട്ടുന്ന "മൂന്നു വീണ" കളായിട്ടാണ് ഉപമിച്ചിരിക്കുന്നത് (Virg 30, 1). ചുരുക്കത്തിൽ ''വചനം'' ഒരു ബഹുസ്വര കീർത്തനമാണ് (a polyphonic hymn).



# എന്റെയും നിന്റെയും ജീവിതം അപരന് മംഗളവാർത്തയാണോ?



നേഹ മങ്ങാട്ട്

കേരളത്തിലെ മുന്തിയ സ്കൂളിൽ പഠിക്കുന്ന ഒരു 10–ാം ക്ലാസ്സുകാരി. കണ്ടാൽ സുന്ദരി. ക്ലാസ്സിൽ ഒന്നാം സ്ഥാനം, അതിന്റെ അഹങ്കാരം ജീവിതത്തിൽ പ്രകടമാണ്.

വിശുദ്ധരും "നിസ്സഹായരുമായ" മാതാപിതാക്കൾ. തിരുത്തലുകൾക്ക് മറുപടി ജീവൻ വച്ചുള്ള വെല്ലുവിളിയാണെങ്കിൽ മാതാപിതാക്കൾ തീർത്തും "നിസ്സഹായരാ"ണല്ലോ!

പെൺകുഞ്ഞിന്റെ സാന്നിധ്യത്തിൽ നിശബ്ദയായിരുന്ന അമ്മ അവളുടെ അസാന്നിധ്യത്തിൽ അമ്മയുടെ ഹൃദയമൊന്നു തുറന്നു. സത്യത്തിൽ ഞെട്ടിയത് ഞങ്ങളാണ്. വീട്ടിലെ സകലതും അവളുടെ മുറിയിൽ അതാത് ടി.വി., സിഡിപ്ലെയർ, കമ്പ്യൂട്ടർ, മൊബൈൽ തുടങ്ങിയവ. കുഞ്ഞനുജനോ, അനുജത്തിയോ എന്തിന് പപ്പയും മമ്മിയും പോലും അവളുടെ മുറിക്കുള്ളിൽ കടന്നിട്ട് വർഷം ഒന്നാകുന്നു. കയറാൻ പാടില്ല എന്ന ആജ്ഞ വന്നാൽ മാതാപിതാക്കൾക്ക് "നിസ്സഹായരാകാ" നല്ലേ സാധിക്കൂ. ഒരുപാട് മാതാപിതാക്കൾ മക്കളുടെ മുമ്പിൽ 'നിസ്സഹായരാണ്' പരിണതഫലമോ ദുരന്തം നിറഞ്ഞതുതന്നെ.

ദുരന്തത്തിനിരയായ ആ മാതാവ് പറഞ്ഞു തുടങ്ങി... രാത്രിയേറെ വൈകിയാണവളുറങ്ങുക. അവളുടെ കാര്യത്തിൽ സംശയം തോന്നിയ അമ്മ ഒന്നു പരതി. ബ്ലു ഫിലിം സിഡികൾ കണ്ട് ആധി പൂണ്ട അമ്മ കച്ചിത്തുരുമ്പിനുവേണ്ടി ഓടിയെത്തിയതാണ്. ഇത് ഒരമ്മയുടെ മാത്രം ജീവിത കഥയല്ല. എന്തേ നമ്മുടെ മക്കൾ ഇങ്ങനെ?

കാർന്നോന്മാർ പറയുംപോലെ കതിരിൽ കൊണ്ടു വളം വച്ചിട്ട് കാര്യം ഇല്ല എന്നു പറയാനാണ് എനിക്കു തോന്നിയത്. എങ്കിലും നമ്മുടെ മക്കളുടെ മുമ്പിൽ കണ്ണടയ്ക്കാൻ നമുക്കാവില്ലല്ലോ? എന്തേ നമ്മുടെ മക്കൾ ഇങ്ങനെ?

നല്ലൊരു അമ്മയെയും മകനെയും ഓർക്കുന്ന കാലമാണ് ഡിസംബർ മാസം. അമ്മയ്ക്കു മംഗളവാർത്തയ്ക്കു കാരണമായ, മാനവകുലത്തിനു മുഴുവൻ മംഗളവാർത്തയ്ക്കു നിമിത്തമായ ഒരു മകന്റെ ഓർമ്മ. ഓരോ കുഞ്ഞിന്റെയും ജനനം തുടങ്ങി അവന്റെ വളർച്ചയുടെ ഓരോ ഘട്ടത്തെക്കുറിച്ചും ദൈവത്തിന് ചില പദ്ധതികളുണ്ട്.

അതുകൊണ്ടാണല്ലോ, ദൈവികപദ്ധതിക്കായി കാതോർത്തിരുന്ന അമ്മയ്ക്കുമുമ്പിൽ അവന്റെ ജനനത്തിനു മുമ്പുതന്നെ ദൈവദൂതൻ പ്രത്യക്ഷപ്പെടുന്നതും. 'ഈശോ' എന്ന പേരിടണം എന്നറിയിച്ചതും. തുടർന്നങ്ങോട്ടുള്ള വഴികളിലുടനീളം ദൈവഹിതത്തിനനുസൃതം അമ്മ അവനെ വഴി നടത്തുകയായിരുന്നു. യോഹന്നാന്റെ ജീവിതവും ഇതിനോട് സമാനത പുലർത്തുന്നുണ്ട്. പഴയ നിയമം തുടങ്ങി പരിശോധിച്ചാലും ഇതേ ജീവിതാനുഭവങ്ങൾ ദർശിക്കാം. ഭൗതിക ലബ്ധിയായിരുന്നില്ല ദൈവമക്കളുടെ അന്വേഷണം.

"നീ ഒരനുഗ്രഹമായിത്തീരും" എന്ന് അബ്രാമിനോടും (ഉല്പ 12,2-3), "ഞാൻ നിന്നോടുകൂടി ഉണ്ടായിരിക്കും" എന്ന് മോശയോടും (പുറ 3,12), "കർത്താവിന്റെ കരം അവന്റെ മേൽ ഉണ്ടായിരുന്നു" എന്ന് എസെക്കിയേൽ പ്രവാചകനെക്കുറിച്ചും (എസെക്കി 1,3), "കർത്താവിന്റെ സന്നിധിയിൽ അവൻ വലിയവനായിരിക്കും" (ലൂക്കാ 1,15) എന്ന് സ്നാപകയോഹന്നാനെക്കുറിച്ചും പറഞ്ഞത് ദൈവികപദ്ധതിയോട് അവർ സഹകരിച്ച് മുന്നേറിയതുകൊണ്ടാണ്.

ദൈവിക പദ്ധതിക്കനുസൃതം കുട്ടികളെ വളർത്തുവാൻ ശ്രമിക്കുന്ന നന്മകളോതുന്ന എത്രമാതാപിതാക്കന്മാർ നമ്മുടെയിടയിലുണ്ട്? ഭൗതികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് അതിപ്രാധാന്യം നൽകി, നമ്മുടെ ചിന്താഗതിക്കനുസൃതമായ അച്ചിൽ മക്കളെ വളർത്തുമ്പോൾ നമുക്ക് നഷ്ടമാവുക നമ്മുടെ കുരുന്നിനെയാണ്.

ലൂക്കാ 2,10-11 "ദൂതൻ അവരോടുപറഞ്ഞു: ഭയപ്പെടേണ്ട, ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ഈശോ, ഇന്നു ജനിച്ചിരിക്കുന്നു."

ഈ മംഗളവാർത്താക്കാലം അപരന് നമ്മുടെ ജീവിതങ്ങൾ ഒരു മംഗളവാർത്തയാകുവാനുള്ള ഓർമ്മപ്പെടുത്തലാണ്, ഒരു ക്ഷണമാണ്. ദൈവമേ, മറ്റുള്ളവർക്ക് ശാന്തിയും സമാധാനവും പകരുന്ന നല്ല വാർത്തകളാകുവാൻ, മംഗളവാർത്തയാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ.



# ഐ ലവ് യൂ

**ഫാ. സിറിയക് കോട്ടയിൽ**
**ഫാമിലി അപ്പോസ്റ്റലേറ്റ്, ചങ്ങനാശ്ശേരി**

അനഘ ജോൺ റിട്ടയേഡ് പോലീസ് കോൺസ്റ്റബിൾ ജോണിയുടെ മൂത്ത മകളാണ്. ജോണിയുടെ ഭാര്യ ലീലാമ്മ ഗവൺമെന്റ് ഹോസ്പിറ്റലിലെ നേഴ്സാണ്. അടുത്തവർഷം റിട്ടയർചെയ്യും. അനഘയെക്കൂടാതെ ഈ ദമ്പതികൾക്ക് അനൂപ്, ആര്യ എന്നിങ്ങനെ രണ്ട് മക്കൾകൂടിയുണ്ട്. അനൂപ് കെ. ജെ. മോട്ടേഴ്സിലെ സെയിൽസ് എക്സിക്യൂട്ടീവാണ്. ആര്യ ജേർണലിസം വിദ്യാർത്ഥിനിയാണ്.

അടുത്തമാസം അനഘയുടെ കല്ല്യാണമാണ്. കഴിഞ്ഞ ആഴ്ചയിലായിരുന്നു ഉറപ്പീര്. മനസ്സമ്മതത്തിന്റെയും വിവാഹത്തിന്റെയും തീയതികളും ഇരുകൂട്ടരും ചേർന്ന് നിശ്ചയിച്ചു. അനഘയുടെ അമ്മയുടെ അനുജത്തി ഒരു സിസ്റ്ററാണ്. സിസ്റ്റർ വഴിയാണ് അവൾ കൗൺസലിങ് സെന്ററിലെത്തിയത്. രൂക്ഷമായ പ്രശ്നമൊന്നുമില്ല. എന്നാൽ അതിനെ ലഘൂകരിച്ച് കാണാനും ആവില്ല. കല്യാണ തീയതി അടുത്തെത്തുംതോറും അനഘയുടെ മനസിൽ ആധിയാണ്. പ്രശ്നം സിസ്റ്ററിനോട് മാത്രമാണ് അവൾ പറഞ്ഞിട്ടുള്ളത്. ജോജി അനഘയുടെ അയൽപക്കക്കാരനും, സമപ്രായക്കാരനും സഹപാഠിയുമാണ്. ട്യൂഷൻക്ലാസിലും മറ്റും പോവുകയും വരുകയും ചെയ്തിരുന്നത് അവർ ഒരുമിച്ചായിരുന്നു. പത്താംക്ലാസിൽ പഠിക്കുന്ന ഒരു ദിവസം ട്യൂഷന് പോയി തിരിച്ചുവരുന്ന വഴിക്ക് ജോജി അനഘക്ക് ഒരു കത്ത് നൽകി. കത്തിലെ ഉള്ളടക്കം അതുതന്നെ - ഐ ലവ് യു. ജോജിയുടെ നിർബന്ധത്തിന് വഴങ്ങി പിറ്റേന്ന് അവൾ ആ കത്തിന് മറുപടി നൽകി. ജോജിയെ ഇഷ്ടമാണെങ്കിലും ജോജി കാണുന്ന തരത്തിൽ തനിക്കൊരിക്കലും ജോജിയെ കാണാൻ കഴിയില്ലെന്നായിരുന്നു അനഘ അന്ന് തന്റെ മറുപടി കത്തിൽ എഴുതിയിരുന്നത്. ഒരു വർഷത്തിനുശേഷം ജോജിയുടെ പപ്പയ്ക്ക് ചെന്നൈയിലേക്ക് ട്രാൻസ്ഫർ ആയി. പപ്പക്കും മമ്മിക്കും അനുജത്തിക്കുമൊപ്പം അവൻ പിന്നീട് പത്തു വർഷം താമസിച്ചതും പഠിച്ചതുമൊക്കെ ചെന്നൈയിലാണ്. അടുത്തയിടക്ക് നാട്ടിലേക്കു തന്നെ അവർ

തിരിച്ചെത്തുന്നു എന്ന് കേട്ടപ്പോൾ മുതലാണ് അനഘയുടെ മനസ്സ് അസ്വസ്ഥമാകാൻ തുടങ്ങിയത്.

അനഘയോട് കാര്യങ്ങളുടെ വിശദാംശങ്ങൾ ചോദിച്ചറിഞ്ഞപ്പോൾ എനിക്ക് മനസ്സിലായി അവളുടെ ഭീതിക്ക് അടിസ്ഥാനം തെല്ലും ഇല്ലെന്ന്. അനഘ ജോജിയുടെ കത്തിന് തന്റെ ഭാഗത്തുനിന്ന് നിഷേധാത്മകമായ ഒരു മറുപടി നൽകിയതോടെ പ്രശ്നം അവിടെ തീർന്നതാണ്. ചെന്നൈയിലേക്ക് യാത്രയാകുംമുമ്പ് തന്റെ അവിവേകം നിറഞ്ഞ പ്രവൃത്തിയെക്കുറിച്ച് ജോജി അനഘയോട് സോറി പറഞ്ഞതുമാണ്. എന്റെ നിർദ്ദേശപ്രകാരം അനഘ തന്റെ കല്യാണത്തിന് ക്ഷണിച്ചുകൊണ്ട് ജോജിയുടെ അഡ്രസിലേക്ക് കാർഡയച്ചു. പിറ്റേ ആഴ്ചതന്നെ ആശംസകൾ നേർന്നുകൊണ്ടുള്ള ജോജിയുടെ മറുപടി കത്തും അനഘക്ക് ലഭിച്ചു.

അനഘയെപ്പോലെ വിവാഹപ്രായമാകുമ്പോഴും പിന്നെ, വിവാഹം ഉറപ്പിക്കുമ്പോഴും ഉള്ളിൽ തീയുമായി ദിവസങ്ങൾ തള്ളിനീക്കുന്ന പെൺകുട്ടികൾ നമ്മുടെ ഇടയിൽ ഇന്നനവധിയുണ്ട്. പ്രശ്നം എന്തുതന്നെയായാലും അത് പരിഹരിച്ചശേഷം വിവാഹജീവിതത്തിലേക്ക് അത്തരക്കാർ പ്രവേശിക്കുന്നതാണ് കൂടുതൽ ആരോഗ്യകരം. രോഗം വന്ന് ചികിൽസിക്കുന്നതിനേക്കാൾ ഭേദം രോഗം വരാതെ നോക്കുന്നതാണ് എന്ന പഴമക്കാരുടെ അനുഭവത്തിന്റെ പിൻബലത്തോടെയുള്ള അർത്ഥമുള്ള ചൊല്ലും ഇത്തരക്കാർ ഓർക്കേണ്ടതാണ്.



**വിവാഹപ്രായമാകുമ്പോഴും പിന്നെ, വിവാഹം ഉറപ്പിക്കുമ്പോഴും ഉള്ളിൽ തീയുമായി ദിവസങ്ങൾ തള്ളിനീക്കുന്ന പെൺകുട്ടികൾ നമ്മുടെ ഇടയിൽ ഇന്നനവധിയുണ്ട്. പ്രശ്നം എന്തുതന്നെയായാലും അത് പരിഹരിച്ചശേഷം വിവാഹജീവിതത്തിലേക്ക് അത്തരക്കാർ പ്രവേശിക്കുന്നതാണ് കൂടുതൽ ആരോഗ്യകരം.**

പ്രതീക്ഷയുടെ പൂമൊട്ടുകൾ

വിശുദ്ധരോടൊപ്പം



# ഇരുപത്തിമൂന്നാമത്തെ പൊന്നോമന

## സിയന്നായിലെ വി. കാതറിൻ

**ജിജി പുല്ലത്തിൽ**
അപ്പസ്തോലിക് ഒബ്ളേറ്റ്സ്

സ്നേഹമുള്ള നീതുമോളെ,

എന്റെ മോള് അഞ്ചാമതും ഗർഭിണിയായിരിക്കുന്ന വിവരം ഇന്നലെ എബി സന്തോഷത്തോടെ വിളിച്ചുപറഞ്ഞപ്പോൾ അമ്മയ്ക്കുണ്ടായ സന്തോഷം എത്രയാണെന്ന് പറഞ്ഞാലും പറഞ്ഞാലും മതിയാവില്ല. അത്രയധികം ആനന്ദമാണ് അമ്മ അനുഭവിക്കുന്നത്. ഈ മംഗളവാർത്തക്കാലത്ത് അമ്മയ്ക്കും മോൾക്കും നമ്മുടെ കുടുംബത്തിനും മംഗളവാർത്തയായി അഞ്ചാമത്തെ കുഞ്ഞും പിറന്നിരിക്കുകയാണല്ലോ.... മോളുടെ അടുത്ത് പറന്നെത്തണമെന്ന് അത്യധികമായ ആഗ്രഹമുണ്ടെങ്കിലും അമേരിക്കയിലെത്തുവാൻ അമ്മയ്ക്കാവില്ലല്ലോ കുഞ്ഞേ... അൽഫോൻസായും, വർക്കിച്ചനും, തോമ്മാക്കുഞ്ഞും, കൊച്ചുത്രേസ്യായുമൊക്കെ വലിയ സന്തോഷത്തിലായിരിക്കുമല്ലോ. പുതിയ കുഞ്ഞാവ പെണ്ണായിരിക്കണമെന്ന് കൊച്ചുത്രേസ്യാ പ്രാർത്ഥിക്കുമ്പോൾ വർക്കിച്ചന്റെ പ്രാർത്ഥന ആണായിരിക്കണമെന്നാ അല്ലേ.... ജോസഫുകുട്ടീന്ന് കുഞ്ഞാവക്ക് അവനിപ്പഴേ പേരിട്ടിരിക്കയാണെന്ന് എബി ഫോണിലൂടെ എന്നോടു പറഞ്ഞിരുന്നു.

മോളേ... മംഗളവാർത്തയുടെ ആഹ്ലാദത്തിമിർപ്പിനിടയിൽ അമ്മയ്ക്കു മനഃക്ലേശമുണ്ടാക്കുന്ന മറ്റൊരു വാർത്തയുണ്ട്. അത് നമ്മുടെ ജസ്റ്റിസ് വി. ആർ കൃഷ്ണയ്യരും കൂട്ടരും തയ്യാറാക്കിയിരിക്കുന്ന വനിതാ കോഡാണ്. മനുഷ്യത്വരഹിതമായ നിർദ്ദേശങ്ങളുള്ള വനിതാ കോഡ് ബിൽ മൂന്നാമതൊരു കുഞ്ഞുണ്ടായാൽ മാതാവിന് പിഴയും തടവുമാണ് വിധിച്ചിരിക്കുന്നത്.

എന്റെ കുഞ്ഞേ... നീ ഇവിടെയായിരുന്നെങ്കിൽ... ഓ... എനിക്കത് ഓർക്കാൻകൂടി വയ്യ. അമ്മയുടെ വേദന ആരോടു പറയാനാണ്. ഇവരൊക്കെ ഇങ്ങനെ തുടങ്ങിയാൽ നാട് എങ്ങനെ നന്നാവാനാണ്. ഒരു തരത്തിലും നന്നാവാത്ത വാർത്തകളുമായിട്ടാണ് ദിനംപ്രതി പത്രങ്ങൾ കൈയിലെത്തുന്നത്. എട്ടുപത്തു പീഡനവാർത്തകളില്ലെങ്കിൽ പത്രത്തിനെന്തോ കുറച്ചിൽ പോലെയാണ് വാർത്തകൾ കാണുമ്പോൾ തോന്നുന്നത്. ഓരോന്നുമോർത്ത് മനസ്സ് കലങ്ങിയിരുന്നപ്പോഴാണ് സിയന്നായിലെ വി. കാതറിനെപ്പറ്റി വായിക്കാനിടയായത്. വിശുദ്ധയുടെ ജീവചരിത്രം വായിച്ചപ്പോൾ അമ്മയ്ക്ക് എന്ത് ആശ്വാസം തോന്നിയെന്നോ. മോളും എബിയും എന്റെ നാല് ഓമനക്കുഞ്ഞുങ്ങളും വയറ്റിക്കിടക്കുന്ന പൊന്നോമനയും വായിച്ചറിയാൻ അമ്മ വായിച്ചത് അതേപടി എഴുതട്ടെ.

പതിനാലാം നൂറ്റാണ്ടിൽ ഇറ്റലിയിലെ ടസ്കയിനിലുള്ള സിയന്നായിൽ തുണിക്കു ചായം മുക്കുന്ന ബിസിനസിൽ ഏർപ്പെട്ട ജിയാക്കോമാ ബനിൽ കാസായുടെ ഭാര്യ ലാപായുവിന്റെ 23-ാമത്തെ പ്രസവത്തിൽ 1347 മാർച്ച് 24ന് ജനിച്ച കാതറിനാണ് തിരുസഭയുടെ ഓമനപ്പുത്രിയായി, സ്ത്രീവർഗത്തിൽപ്പെട്ട മൂന്നു പാരംഗതരിൽ ഒരാളായി മാറിയത്. ഇരുപത്തഞ്ചു മക്കൾക്കു ജന്മമേകിയ ആ അമ്മ ഒരു അനാഥ ശിശുവിനെ ദത്തെടുക്കുകയും ചെയ്തു. തൊമാസോ സെല്ലഫോ എന്ന ഈ കുഞ്ഞ് വളർന്ന് പുരോഹിതനും കാതറിന്റെ ആത്മീയ ഉപദേഷ്ടാവുമായി മാറി.

ഒന്ന് ഏറിയാൽ രണ്ട്, അതിനപ്പുറത്തേക്ക് ചിന്തിക്കാൻ പോലും ത്രാണിയില്ലാത്ത ദമ്പതികൾക്ക്, തടവും ശിക്ഷയും ശുപാർശ ചെയ്യുന്ന വനിതാ കമ്മീഷന്, 'വലിയ കുടുംബം ദൈവവിളി നിറഞ്ഞ സ്വർഗ്ഗീയ കുടുംബം' എന്ന മംഗളവാർത്തയാണ് ഈ വിശുദ്ധ നൽകുന്നത്.

എപ്പോഴും മറ്റുള്ളവരെ സന്തോഷിപ്പിക്കുവാനുള്ള കഴിവ് കാതറിനുണ്ടായിരുന്നതായി ജീവചരിത്രകാരനായ കാപ്പുവായിലെ വാഴ്ത്തപ്പെട്ട റെയ്മണ്ട് രേഖപ്പെടുത്തിയിട്ടുണ്ട്. അഞ്ചാംവയസ്സിൽ വീട്ടിനുള്ളിൽ മുട്ടിന്മേൽ നടന്നുകൊണ്ട് അവൾ പ്രാർത്ഥിക്കുമായിരുന്നു. ഏഴാം വയസ്സിൽ ഈശോ അവൾക്ക് ആദ്യ ദർശനം നൽകി.

പതിനാറാം വയസ്സിൽ വിവാഹാലോചനയിൽ നിന്ന് രക്ഷപെടാൻ അവൾ തന്റെ നീണ്ട മനോഹരമായ തലമുടി പറ്റെ മുറിച്ചുകളഞ്ഞു. പ്രാർത്ഥനാജീവിതത്തിൽ വളരാൻ വീടിനോടുചേർന്നുള്ള കൊച്ചുമുറി പിതാവ് കാതറിനു വിട്ടുകൊടത്തു. പതിനെട്ടാംവയസ്സിൽ മാതാപിതാക്കളുടെ അനുഗ്രഹത്തോടെ കാതറിൻ ഡൊമിനിക്കൻ മൂന്നാം സഭയുടെ വസ്ത്രം സ്വീകരിച്ചു. തുടർന്ന് മൂന്നുവർഷം പ്രാർത്ഥനയിൽ ചെലവഴിച്ചു. ഇക്കാലയളവിൽ കുമ്പസാരക്കാരനോടല്ലാതെ മറ്റാരോടും സംസാരിച്ചിരുന്നില്ല. വി. കുർബാനയിൽ പങ്കെടുക്കുന്നതിനും മറ്റ് അത്യാവശ്യകാര്യങ്ങൾക്കുവേണ്ടിയും മാത്രമാണ് മുറിക്കു പുറത്തിറങ്ങിയിരുന്നത്. 1367-ൽ പരി. അമ്മയോടൊത്ത് ഉണ്ണീശോ അവൾക്കു പ്രത്യക്ഷപ്പെട്ടു. ദൈവമാതാവ് കാതറിനെ തന്റെ തിരുക്കുമാരനു സമ്മാനിച്ചു. "നീ എന്റേതാണ്. എന്നും നീ എന്റേതായിരിക്കും" എന്നു പറഞ്ഞുകൊണ്ട് ഉണ്ണീശോ അവളുടെ വിരലിൽ മോതിരമണിയിച്ചു. കാതറിനൊഴികെ മറ്റാർക്കും ഗോചരമല്ലാതിരുന്ന ഈ മോതിരം നാലു മുത്തുകളും നടുക്ക് രത്നക്കല്ലുകളും പതിച്ചതായിരുന്നു. ലോകത്തെ രക്ഷയിലേക്കു നയിക്കാനായി 1370 ൽ മുറിവിട്ടിറങ്ങാൻ ഈശോ അവളോട് നിർദ്ദേശിച്ചു. തുടർന്ന് വൈദികരും സന്ന്യാസിനികളുമുൾപ്പെടെ ആയിരക്കണക്കിനാളുകളാണ് ആത്മീയോപദേശങ്ങൾ തേടി കാതറിനെ സന്ദർശിച്ചത്. ഇരുപത്തഞ്ചാം വയസ്സിൽ പഞ്ചക്ഷതങ്ങൾ നല്കി ഈശോ അവളെ അനുഗ്രഹിച്ചു. തുടർന്ന് മരണംവരെ ഭക്ഷണമോ വെള്ളമോ ഇല്ലാതെ വി. കുർബാന സ്വീകരിച്ചാണ് അവൾ ജീവിച്ചത്. ഒരിക്കൽ പിസായിലെ സാന്താക്രിസ്റ്റീനാ ദൈവാലയത്തിൽവച്ച് ദിവ്യകാരുണ്യം സ്വീകരിച്ചപ്പോൾ തിരുവോസ്തി തന്റെ കയ്യിൽനിന്ന്



നാവിലേക്ക് തെന്നിമാറിയതായി വൈദികന് അനുഭവപ്പെട്ടു. കൂടെക്കൂടെ ദൈവികാനുഭൂതി യിൽ അവൾ ലയിക്കുമായിരുന്നു. ഇത്തരമൊരു വേളയിൽ അറിയാതെ തീയിൽ വീണെങ്കിലും ശരീരത്തിനോ വസ്ത്രത്തിനുപോലുമോ കേടു പറ്റിയില്ല.

അക്ഷരാഭ്യാസമില്ലാതിരുന്ന കാതറിൻ മാർപാപ്പയും ചക്രവർത്തിമാരുമായും കത്തിട പാടുകൾ നടത്തിയിരുന്നു. പറഞ്ഞുകൊടു ക്കുന്ന കാര്യങ്ങൾ മറ്റുള്ളവർ എഴുതിയെടുക്കു കയായിരുന്നു. ഇത്തരം മുന്നൂറിലേറെ കത്തു കൾ ഇപ്പോഴും സൂക്ഷിക്കപ്പെടുന്നുണ്ട്. എന്നാൽ അനുദിനപ്രാർത്ഥനകളും വായനഭാ ഗങ്ങളും വായിക്കാനുള്ള വരം അവൾക്കു നൽകപ്പെട്ടിരുന്നു. 1309 മുതൽ 1376 വരെ നീണ്ടുനിന്ന മാർപാപ്പമാരുടെ അവിഞ്ഞോൺ പ്രവാസം അവസാനിപ്പിച്ചത് കാതറിനാണ്. 1376 ജൂൺ 18-നു ഫ്രാൻസിലെ അവിഞ്ഞോണിലെ ത്തിയ കാതറിൻ ഗ്രിഗറി പതിനൊന്നാമൻ മാർപാപ്പയോട് റോമിലേക്ക് മടങ്ങാൻ അഭ്യർ ത്ഥിക്കുകയും സെപ്റ്റംബർ 13 ന് അദ്ദേഹം ജല മാർഗം റോമിലേക്കു തിരിക്കുകയും ചെയ്തു. പരിശുദ്ധ സിംഹാസനത്തോട് ഫ്ളോറൻസ് പ്രവിശ്യക്കുണ്ടായിരുന്ന ഭിന്നത രമ്യമായി പരി ഹരിച്ചതും കാതറിനാണ്. 1378 ൽ ഗ്രിഗറി പാപ്പാ കാലംചെയ്തപ്പോൾ തിരഞ്ഞെടുക്കപ്പെട്ട ഉർബൻ ആറാമൻ പാപ്പായെ അംഗീകരി ക്കാതെ ചിലർ എതിർപാപ്പാമാരെ വാഴിച്ച തിനെത്തുടർന്നുണ്ടായ പാശ്ചാത്യശീശ്മ സഭാ ഗാത്രത്തെ മുറിവേൽപ്പിക്കാതിരിക്കാൻ കാത റിൻ കഠിനാധ്വാനം ചെയ്തു. ഉർബൻ മാർപാ പ്പയുടെ ക്ഷണപ്രകാരം അവൾ റോമിലേക്ക് താമസം മാറ്റുകയും അദ്ദേഹത്തിന്റെ ഉപദേ ഷ്ട്രിയായി പ്രവർത്തിക്കുകയും ചെയ്തു.

കാൻസർരോഗികളായ അനേകരെ ശുശ്രൂ ഷിക്കയും സൗഖ്യപ്പെടുത്തുകയും മരിച്ചവരെ സംസ്കരിക്കുവാൻ സ്വയം കുഴി തയ്യാറാക്കു കയും ചെയ്ത കാതറിന് പലപ്പോഴും പ്രതിഫ ലമായി ലഭിച്ചത് ഏഷണിയും ചീത്തവാക്കുക ളുമായിരുന്നു. കുടുംബത്തിൽ നിന്നും ലഭിച്ച സ്വത്ത് അവൾ ദരിദ്രർക്ക് ദാനം ചെയ്തു.

വിശ്രമരഹിതമായ അധ്വാനത്തിന്റെ പരി ണതഫലമായി രോഗബാധിതയായ കാതറിൻ മുപ്പത്തിമൂന്നാമത്തെ വയസ്സിൽ 1380 ഏപ്രിൽ 29-ന് ഭാഗ്യമരണം പ്രാപിച്ചു. ലോകം കണ്ട വലിയൊരു 'മിസ്റ്റിക്' ആയ സിയന്നയിലെ കാതറിനെ 1461-ൽ പീയൂസ് രണ്ടാമൻ പാപ്പാ വിശുദ്ധയെന്നു നാമകരണം ചെയ്തു. 1970ൽ ആവിലായിലെ തെരേസിനോടൊപ്പം വേദപാ രംഗതയായി. 1999 ൽ യൂറോപ്പിന്റെ പെട്രൺസെ യിന്റ് ആയി പ്രഖ്യാപിക്കപ്പെട്ടു. റോമായിലെ സാന്താമരിയ ദൈവാലയത്തിലാണ് വിശുദ്ധ യുടെ ഭൗതികശരീരം സൂക്ഷിക്കപ്പെട്ടിരിക്കു ന്നത്.

മോളേ, എന്റെ കുഞ്ഞിനുവേണ്ടി അമ്മ മാധ്യസ്ഥ്യം യാചിക്കുന്നത് ഇനിമുതൽ ഈ വിശുദ്ധയോടാണ്. വിശുദ്ധയുടെ അമ്മയായ ലാപായൂവിന് എങ്ങനെ നന്ദി പറഞ്ഞാലാണ് മതിയാകുന്നത്. 23-ാമത്തെ കുഞ്ഞിന് ജന്മം കൊടുക്കുവാൻ ആ പാവം അപ്പനും അമ്മയും കാണിച്ച സന്മനസ്സ്.... ഇന്നായിരുന്നെങ്കിലോ? ഉറപ്പാണ്-സഭയ്ക്ക് ഒരു വിശുദ്ധയെ, വേദപാ രംഗതയെ കിട്ടില്ലായിരുന്നു. വനിതാകോഡിന്റെ മുൻപിൽ ഇവരെ കിട്ടിയിരുന്നെങ്കിലോ? ഗർഭസ്ഥ ശിശുവിനെ കൊല്ലാൻ ഇവിടെ നിയ മമുണ്ടാക്കുന്നവർക്ക് മരിച്ച കുഞ്ഞിന് ജീവൻ നൽകാനാവുമോ?... അമ്മയുടെ മനസ്സ് രോഷം കൊണ്ട് തിളയ്ക്കുകയാണ് മോളേ... നമുക്കെ ല്ലാവർക്കും ഒരുമയോടെ പ്രാർത്ഥിക്കാം. മനു ഷ്യനായി മണ്ണിലവതരിച്ച ദിവ്യ ഉണ്ണി ഇത്തര ത്തിലുള്ള ദുഷ്ടത പ്രവർത്തിക്കുന്നവരുടെ മന സ്സിൽ മംഗളവാർത്തയുടെ പ്രകാശം ജനിപ്പി ക്കണമേയെന്ന്.

മോളേ, നമുക്കൊരുമിച്ച് ആ സുകൃതജപം ഏറ്റുചൊല്ലാം. വിശുദ്ധിയുടെ മാതൃകയായ മറി യത്തിന്റെ വിമലഹൃദയമേ, വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്കു നൽകണമേ.

മക്കൾക്കെല്ലാവർക്കും സ്നേഹചുംബന ങ്ങളോടെ അമ്മ.

> *വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ, വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്കു നൽകണമേ.*



# പഴയനിയമഗ്രന്ഥങ്ങളിലൂടെ...

പഴയനിയമഗ്രന്ഥങ്ങളെ ചരിത്രപരം, പ്രബോധനപരം, പ്രവചനപരം എന്നു പൊതുവേ മൂന്നായി തിരിച്ചിരിക്കുന്നതിൽ പ്രവചനപരമായ ഗ്രന്ഥങ്ങളുടെ ഒരു സംക്ഷിപ്ത വിവരണമാണിത്.

**1. ഏശയ്യാ:** പ്രവാചകൻമാരിൽ മഹാനായ ഏശയ്യാ ദാവീദിന്റെ കുടുംബത്തിൽ ആമോസിന്റെ മകനായി ജനിച്ചു. അദ്ദേഹം തന്റെ പ്രവാചക ദൗത്യം ആരംഭിക്കുന്നത് ജറുസലേം ദൈവാലയത്തിൽ വച്ചുണ്ടായ ഒരു ദർശനത്തോടെയാണ്. പുതിയനിയമം പറയുന്നത് ഏശയ്യാപ്രവാചകൻ മിശിഹായുടെ മഹത്ത്വം കാണുകയും അവനെപ്പറ്റി സംസാരിക്കുകയും ചെയ്തു എന്നാണ്.

**2. ജറെമിയാ**: ബഞ്ചമിൻ ഗോത്രത്തിലെ പുരോഹിതൻമാരിൽ ഒരാളായ ഹിൽക്കിയായുടെ മകനായി ജറെമിയ ജനിച്ചു. ഏശയ്യായുടെ പ്രവർത്തന പശ്ചാത്തലം അസീറിയായിൽ നിന്നുള്ള മോചനമായിരുന്നുവെങ്കിൽ ജറെമിയ ബാബിലോൺ അടിമത്തത്തിൽ നിന്ന് രക്ഷിക്കാനാണ് ശ്രമിച്ചത്. ജറെമിയായുടെ പ്രഭാഷണങ്ങൾ 40 വർഷത്തോളം ദീർഘിച്ചു.

**3. വിലാപങ്ങൾ:** വിലാപഗാനങ്ങളുടെ ഒരു സമാഹാരമാണ് ഈ പുസ്തകം. ദൈവാലയവും വിശുദ്ധനഗരവും നശിപ്പിക്കപ്പെടുകയും ബലിയർപ്പണം നിലയ്ക്കുകയും നേതാക്കൻമാർ നാടുകടത്തപ്പെടുകയും യഹൂദർ സഹിക്കുകയും ചെയ്യുന്നതുകണ്ട് ആരോ എഴുതിയതാണ് വിലാപങ്ങൾ. ഈ നാശമെല്ലാം തങ്ങളുടെ പാപത്തിന്റെ ഫലമാണ് എന്ന് ഉത്ബോധിപ്പിച്ചുകൊണ്ട് ദൈവകാരുണ്യത്തിലാശ്രയിച്ച് പ്രത്യാശയോടെ കാത്തിരിക്കാൻ പ്രവാചകൻ ആഹ്വാനം ചെയ്യുന്നു.

4. **ബാറൂക്ക്:** ജറെമിയായുടെ എഴുത്തുകാരനായ ബാറൂക്കിന്റെ പേരിൽ ഈ ഗ്രന്ഥം അറിയപ്പെടുന്നു. ബാബിലോണിലേക്ക് അടിമകളായി കൊണ്ടുപോകപ്പെട്ട യഹൂദരുടെ മോചനത്തിനുവേണ്ടിയുള്ള പ്രാർത്ഥന, തെറ്റുകൾ ഏറ്റുപറഞ്ഞ് പശ്ചാത്താപവും ഹൃദയ പരിവർത്തനവും പ്രകടിപ്പിക്കുന്ന പ്രാർത്ഥന, ജറുസലേമിന്റെ യാതനകളുടെ അനുസ്മരണ, ഇസ്രയേൽ ഭാവി മഹത്ത്വത്തിൽ പ്രവേശിക്കുമെന്ന പ്രതീക്ഷ എന്നീ കാര്യങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു.

5. **എസെക്കിയേൽ**: ബാബിലോണിലേക്ക് അടിമകളായി കൊണ്ടുപോയവരുടെ ഇടയിൽ പ്രവർത്തിച്ച ഒരു പ്രവാചകനും പുരോഹിതനുമാണ് എസെക്കിയേൽ. 'ദൈവശക്തി' എന്നാണ് എസെക്കിയേലിന്റെ അർത്ഥം. കൽദായദേശത്ത് കേബാർ നദീതീരത്ത് വച്ചുണ്ടായ ദർശനത്തിലൂടെയാണ് അദ്ദേഹത്തിന് പ്രവാചകദൗത്യം ലഭിച്ചത്. കർത്താവിന്റെ

മഹത്ത്വം ദൈവാലയം വിടുമെന്നും ഇസ്രായേലിനെ ഞെരുക്കിയ നേതാക്കൻമാർക്കും വ്യാജപ്രവാചകൻമാർക്കും ജനതകൾക്കുമെതിരെ ശിക്ഷണമുണ്ടാകുമെന്നും പ്രവാചകൻ മുന്നറിയിപ്പ് നല്കുന്നു. എങ്കിലും ഇസ്രയേൽ ഉയിർത്തെഴുന്നേൽക്കുമെന്നും പുതുചൈതന്യം ദൈവം അവർക്ക് കൊടുക്കുമെന്നുള്ള പ്രത്യാശയും അദ്ദേഹം നല്കുന്നു. രക്ഷയുടെയും ശിക്ഷയുടെയും സന്ദേശം അദ്ദേഹത്തിലൂടെ നല്കപ്പെടുന്നു.

6. **ദാനിയേൽ**: ദാനിയേൽ എന്ന വാക്കിന്റെ അർത്ഥം 'എന്റെ വിധി കർത്താവ്' എന്നാണ്. ബാബിലോൺ രാജാവായ നബുക്കദ്നേസറിന്റെ സേവകനായിരുന്നു ദാനിയേൽ. രാജാവിനുണ്ടായ സ്വപ്നത്തിന്റെ അർത്ഥം ദൈവസഹായത്തോടെ വ്യാഖ്യാനിച്ചുകൊണ്ട് രാജാവിനെ ദാനിയേൽ പ്രീതിപ്പെടുത്തി. ദാനിയേലിന്റെയും മൂന്നു കൂട്ടുകാരുടെയും ഉറച്ച ദൈവവിശ്വാസവും ഭക്തിയും വിവരിക്കുന്നതിനോടൊപ്പം, അദ്ദേഹത്തിന്റെ ദർശനങ്ങളും മനുഷ്യപുത്രനെ സംബന്ധിക്കുന്ന പരാമർശങ്ങളും ഇതിലുണ്ട്. ദൈവം മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന പ്രകാരം നിത്യജീവൻ പ്രദാനംചെയ്യുന്ന പുതിയ യുഗം പിറക്കുമെന്നും തന്റെ ദർശനങ്ങളിലൂടെ ദാനിയേൽ പഠിപ്പിക്കുന്നു.

7. **ഹോസിയാ**: 'രക്ഷാ അഥവാ വിടുതൽ' എന്നാണ് ഈ പേരിന്റെ അർത്ഥം. അദ്ദേഹത്തിന്റെ പ്രവാചകദൗത്യം 40 വർഷം നീണ്ടുനിന്നു. കർത്താവും ഇസ്രയേലും തമ്മിലുള്ള ബന്ധത്തെ വിവാഹബന്ധത്തോടുപമിച്ചുകൊണ്ട് ദൈവസ്നേഹത്തിന്റെ അനന്തസ്നേഹത്തെ പ്രഘോഷിക്കുന്ന ഹോസിയാ ദൈവസ്നേഹത്തിന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടുന്നു.

8. **ജോയേൽ**: ജോയേൽ എന്ന വാക്കിന്റെ അർത്ഥം 'ദൈവമായ കർത്താവ്' എന്നാണ്. ഉഗ്രമായ വെട്ടുകിളി ശല്യവും വരൾച്ചയും മൂലമുണ്ടായ കൃഷിനാശം കർത്താവിന്റെ ദിനത്തിന്റെ മുന്നോടിയായി പ്രവാചകൻ കാണുന്നു. പ്രവാചകന്റെ ആഹ്വാനം അനുസരിച്ച് ദൈവാലയത്തിൽ നടത്തിയ അനുതാപശുശ്രൂഷ കർത്താവിന്റെ കാരുണ്യത്തിന് കാരണമാകുന്നു. ഇസ്രയേലിന് വിശേഷാൽ അനുഗ്രഹങ്ങളും ജോയേൽ പ്രവചിച്ചു.

9. **ആമോസ്**: വാക്കിന്റെ അർത്ഥം ഭാരവാഹി എന്നാണ്. ഇദ്ദേഹം ഒരു ആട്ടിടയനായിരുന്നു. നീതിമാൻമാരേയും ദരിദ്രരേയും പീഡിപ്പിക്കുകയും കോഴവാങ്ങുകയും നിരാലംബർക്ക് നീതി നിഷേധിക്കുകയും ചെയ്യുന്ന ഇസ്രയേലിനെ പ്രവാചകൻ കുറ്റം വിധിക്കുന്നു. അനുതാപത്തിനും സാന്മാർഗിക ജീവിതത്തിനും പ്രവാചകൻ ആഹ്വാനം ചെയ്യുന്നു. ഇസ്രയേലിൽ സത്യവും നീതിയും പുലർന്നുകാണാൻ പ്രവാചകൻ ആഗ്രഹിക്കുന്നു. ശിക്ഷാവിധി വിധിക്കുന്നെങ്കിലും തന്റെ ജനമായ ഇസ്രയേലിന്റെ ഐശ്വര്യം പുനസ്ഥാപിക്കപ്പെടുമെന്നും തകർന്ന നഗരങ്ങൾ പുനരുദ്ധരിക്കപ്പെടുമെന്നും പറഞ്ഞ പ്രവാചകൻ തന്റെ ജനത്തിന് പ്രതീക്ഷ നല്കുന്നു.

10. **ഒബാദിയാ**: 'കർത്തൃദാസൻ' എന്നാണ് ഈ പദത്തിന്റെ അർത്ഥം. ഇസ്രയേലിന്റെ അയൽ രാജ്യമായ എദോമിനുള്ള ശിക്ഷയും ഇസ്രയേലിന്റെ രക്ഷയുമാണ് ഇതിലെ ഉള്ളടക്കം. പഴയ നിയമത്തിലെ ഏറ്റവും ചെറിയ പുസ്തകമാണ് ഒബാദിയാ.

11. **യോനാ:** പ്രവാചനങ്ങളെ എന്നതിലുപരി പ്രവാചകനെക്കുറിച്ചുള്ള വിവരണമാണ് ഈ



പുസ്തകത്തിൽ. മാനസാന്തരപ്പെട്ട നിനവേ നഗരം മുഴുവൻ രക്ഷപ്പെടുന്ന ചരിത്രമാണ് ഇതിൽ. പശ്ചാത്തപിച്ച് മാനാസാന്തരപ്പെടുന്നവർ രക്ഷപ്രാപിക്കും.

ഇസ്രയേലിനെപ്പോലെ പുറംജാതികളുടെ രക്ഷയും ദൈവം ആഗ്രഹിക്കുന്നു തുടങ്ങിയ രക്ഷാകരസത്യങ്ങൾ പഠിപ്പിക്കുന്ന പുസ്തകമായി ഇതിനെ കണക്കാക്കാം. യോനാ പ്രവാചകന്റെ അടയാളത്തെപ്പറ്റി ഈശോ ചൂണ്ടിക്കാണിക്കുന്നത് ഇപ്രകാരമാണ്: യോനാ മൂന്ന് രാവും മൂന്ന് പകലും തിമിംഗലത്തിന്റെ ഉദരത്തിൽ കിടന്നതുപോലെ മനുഷ്യപുത്രനും മൂന്ന് രാവും മൂന്ന് പകലും ഭൂമിക്കുള്ളിലായിരിക്കും.

12. **മിക്കാ**: മിക്കാ എന്ന പദത്തിന്റെ അർത്ഥം 'കർത്താവിനെപ്പോലെ ആരുണ്ട്' എന്നാണ്. ഇദ്ദേഹം ഏശയ്യായുടെ സമകാലികനാണ്. സമരിയായെയും ജറുസലേമിനെയും സംബന്ധിച്ച് ഒരു ദർശനമുണ്ടായതിനെ തുടർന്ന് പ്രവാചകൻ ഇവയിലെ ദേശവാസികൾ ക്കെതിരേയും നീതിരഹിതമായി പ്രവർത്തിച്ച നേതാക്കൾക്കെതിരേയും ശിക്ഷ പ്രവചിക്കുന്നു.

13. **നാഹും**: 'ആശ്വാസകൻ' എന്നാണ് ഈ പേരിന്റെ അർത്ഥം. നിനെവേ നഗരത്തിന്റെ അതിക്രമങ്ങൾ ചൂണ്ടിക്കാണിക്കുന്ന പ്രവാചകൻ നഗരത്തിന്റെ ആസന്നമായ നാശം പ്രവചിക്കുന്നു. ബാബിലോണിനോടുള്ള യുദ്ധത്തിൽ നിനെവേ നിലംപതിച്ചതോടെ നാഹുമിന്റെ പ്രവചനം പൂർത്തിയായി.

14. **ഹബക്കുക്ക്**: 'ആലിംഗനം' എന്നാണ് ഈ പദത്തിന്റെ അർത്ഥം. ബാബിലോൺ ഇസ്രയേലിനെ പീഡിപ്പിക്കുന്ന പശ്ചാത്തലമാധാരമാക്കിയാണ് പ്രവചനങ്ങൾ. ദുഷ്ടൻ നീതിമാനായ മനുഷ്യനെ വിഴുങ്ങുന്നതുകണ്ട് ദൈവം എന്തുകൊണ്ട് മൗനം ദീക്ഷിക്കുന്നു? ഇതിലെന്ത് നീതിയിരിക്കുന്നു എന്നതാണ് പ്രവാചകൻ ദൈവത്തിനു മുമ്പിൽ അവതരിപ്പിക്കുന്ന ആവലാതി. ഹൃദയപരമാർത്ഥതയില്ലാത്തവൻ പരാജയപ്പെടും, എന്നാൽ നീതിമാൻ തന്റെ വിശ്വസ്തതമൂലം ജീവിക്കുമെന്ന് ദൈവം മറുപടി നല്കുന്നു. ബാബിലോണിന്റെ നാശത്തെ തുടർന്നു വിവരിക്കുന്നു.

15. **സെഫാനിയാ:** 'കർത്താവിനാൽ സംരക്ഷിക്കപ്പെടുന്നവൻ' എന്നാണ് ഈ പേരിന്റെ അർത്ഥം. കർത്താവിന്റെ ജനത്തെ നിന്ദിക്കുന്ന ജനതകളുടെ നാശമറിയിച്ച പ്രവാചകൻ ജറുസലേമിന്റെയും യൂദായുടെയും മേൽ ശിക്ഷ ഉയരുന്ന കർത്താവിന്റെ ദിനം പ്രവചിച്ചു.

16. **ഹഗ്ഗായി**: 'ഉത്സവം' എന്നാണ് ഈ പേരിന്റെ അർത്ഥം. പ്രവാസത്തിനുശേഷം പാലസ്തീനായിൽ തിരിച്ചെത്തിയ യഹൂദജനത്തിന്റെ ഇടയിലാണ് ഹഗ്ഗായി തന്റെ പ്രവചനങ്ങൾ നടത്തിയത്. ജറുസലേമിൽ സൈറസ് രാജാവ് ദൈവാലയ നിർമ്മാണത്തിനു നല്കിയ കല്പന നിറവേറ്റപ്പെടാതെ കിടന്ന പശ്ചാത്തലത്തിൽ ദൈവാലയ നിർമ്മാണത്തിനുള്ള ആഹ്വാനവുമായി പ്രവാചകൻ കടന്നുവന്നതാണ് പുസ്തകത്തിന്റെ ഉള്ളടക്കം.

17. **സഖറിയ:** 'കർത്താവിനെ സ്മരിക്കുന്നവൻ' എന്നാണ് പേരിന്റെ അർത്ഥം. അനുതാപത്തിനുള്ള ആഹ്വാനത്തോടെ ആരംഭിക്കുന്ന ഗ്രന്ഥം രക്ഷയുടെ പൂർത്തീകരണത്തെ സൂചിപ്പിക്കുന്ന 8 ദർശനങ്ങൾ വിവരിക്കുന്നു. വരാനിരിക്കുന്ന രക്ഷകന്റെ സ്വഭാവം വ്യക്തമാക്കുന്ന പ്രവചനങ്ങളാണ് സഖറിയ നടത്തിയിരിക്കുന്നത്. രാജാവ് വിനയാന്വിതനായി കഴുതപ്പുറത്ത് ജറുസലേമിലേക്ക് ആഘോഷമായി എഴുന്നെള്ളുമെന്ന സഖറിയായുടെ പ്രവചനം ഓശാന ദിവസം പൂർത്തീകരിക്കപ്പെട്ടതായി വി. മത്തായി 27: 9 ൽ വിവരിക്കുന്നു.

18. **മലാക്കി**: 'എന്റെ ദൂതർ' എന്നാണ് ഈ പദത്തിന്റെ അർത്ഥം. ദൈവത്തിന്റെ സ്നേഹമാണ് പ്രധാന പ്രതിപാദ്യ വിഷയം. ആരാധനയിലെ അപാകതകൾ ചൂണ്ടിക്കാണിക്കുമ്പോൾ മലാക്കി ദൈവത്തിന് എല്ലായിടത്തും അർപ്പിക്കപ്പെടുവാനുള്ള നിർമ്മല ബലിയെപ്പറ്റി പ്രതിപാദിക്കുന്നത് മിശിഹാ സ്ഥാപിച്ച പരി. കുർബാനയെപ്പറ്റിയുള്ള പ്രവചനമായി കണക്കാക്കപ്പെടുന്നു. മലാക്കി പ്രവാചകനു ശേഷം മിശിഹായുടെ ആഗമനം വരെ 400 വർഷത്തോളം ഇസ്രയേലിൽ പ്രവാചക ശബ്ദം മുഴങ്ങിയില്ല.

*തയ്യാറാക്കിയത്*
**പ്രൊഫ. അബ്രാഹം കോക്കാട്ട്**

പ്രതീക്ഷയുടെ പൂമൊട്ടുകൾ

# നീയാണ് പ്രകാശം



**ഫാ. ഷിബു പുളിക്കൽ**

ഒരിക്കൽ ധനികനായ ഒരു മനുഷ്യൻ തന്റെ പ്രദേശത്തെ ആളുകൾക്കുവേണ്ടി ഒരു ദൈവാലയം നിർമ്മിച്ചുകൊടുക്കാൻ തീരുമാനിച്ചു. ദൈവാലയത്തിന്റെ പണികൾ കഴിയുന്നതുവരെ ആരും അതറിഞ്ഞില്ല. നിർമാണം കഴിഞ്ഞപ്പോൾ ധനികൻ എല്ലാവരെയും വിളിച്ചുകൂട്ടി. ദൈവാലയത്തിന്റെ ഭംഗി കണ്ട് എല്ലാവരും അത്ഭുതപ്പെട്ടുനിൽക്കുമ്പോൾ ഒരു ചെറുപ്പക്കാരൻ ചോദിച്ചു: "ഈ ദൈവാലയത്തിൽ എങ്ങനെയാണ് വെളിച്ചമുണ്ടാകുക? ഇവിടെ വിളക്കുകൾ ഒന്നും തന്നെയില്ലല്ലോ." അപ്പോൾ ധനികൾ ദൈവാലയത്തിന്റെ ഭിത്തിയിൽ ദീപം വയ്ക്കാനുള്ള സ്ഥാനങ്ങൾ കാണിച്ചുകൊടുത്തു. എന്നിട്ട് എല്ലാവർക്കും ഓരോ വിളക്കുകൊടുത്തിട്ടു പറഞ്ഞു: "നിങ്ങൾ ഓരോ പ്രാവശ്യവും ആരാധിക്കാൻ വരുമ്പോൾ ഈ വിളക്ക് കൊണ്ടുവരണം. നിങ്ങൾ വന്നില്ലെങ്കിൽ ഈ പ്രദേശം മുഴുവൻ അന്ധകാരത്തിൽ കിടക്കും."

ഈശോ പറഞ്ഞു: "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് നിങ്ങളുടെ സ്വർഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ 5,16). ഓരോ വ്യക്തിയും പ്രകാശമായിത്തീരേണ്ടവനാണ്. ആർക്കും ആരെയും മാറ്റിനിർത്താനാവില്ല. ആരും ഒരിക്കലും മാറിനിൽക്കയുമരുത്. മലമുകളിൽ കത്തിനിൽക്കുന്ന പ്രകാശത്തെ എങ്ങനെ മറച്ചുവയ്ക്കാൻ കഴിയും? ഇടവകയിലും സമൂഹങ്ങളിലുമൊക്കെ എല്ലാക്കാര്യങ്ങളിൽനിന്നും മാറിനിൽക്കുന്നവരെ കണ്ടിട്ടുണ്ട്. ഞാൻ ഇല്ലെങ്കിലും ഇതൊക്കെ നടക്കുമെന്നു പറയുന്നവരാണവർ. എന്നാൽ, ഓർക്കുക, നിങ്ങളുടെ അഭാവം അവിടെ അന്ധകാരം സൃഷ്ടിക്കുമെങ്കിൽ സമൂഹത്തോടു നിങ്ങൾ ചെയ്യുന്ന വലിയൊരു തെറ്റാണെന്ന്. ആരെയും ഒഴിവാക്കരുതെന്നും ആരും നഷ്ടപ്പെടരുതെന്നും ആഗ്രഹിച്ചതുകൊണ്ടല്ലേ ഈശോ നഷ്ടപ്പെട്ടതിനെ തേടിപ്പോയത്? കാണാതെപോയ നാണയം കണ്ടെത്തിയപ്പോൾ സ്ത്രീ ആഹ്ലാദിച്ചതും

അതുകൊണ്ടുതന്നെ. എല്ലാറ്റിനും ഏവർക്കും ഈ ലോകത്തിൽ ചെയ്തുതീർക്കാൻ വളരെ കാര്യങ്ങളുണ്ട്.

ജെയിംസ് കെല്ലർ പറയുന്നു: "നിങ്ങൾക്ക് ഒരു സൂര്യനെപ്പോലെ പ്രകാശിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ചന്ദ്രനെപ്പോലെ, അതും സാധിക്കുന്നില്ലെങ്കിൽ ഒരു മിന്നാമിനുങ്ങിനെപ്പോലെ പ്രകാശം പരത്തുക."

"അന്ധകാരത്തിൽ കഴിഞ്ഞ ജനം വലിയൊരു പ്രകാശം കണ്ടു. ഇരുളിലും മരണത്തിന്റെ നിഴലിലും കഴിഞ്ഞിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു" (മത്താ 4,16). ഈശോയുടെ ജനനം അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനങ്ങൾക്കു പ്രകാശമായിരുന്നു. ആ പ്രകാശത്തിൽ പലരും അവരുടെ യാഥാർത്ഥ മുഖം കണ്ടു. ശരിയായ സ്വഭാവങ്ങൾ വെളിപ്പെട്ടു. മഗ്ദലേനമാർ വിശുദ്ധകളായി. ചുങ്കക്കാരൻ കനിവുള്ളവനായി. പാപികൾ പുണ്യവാന്മാരായി. സിംഹവും ആട്ടിൻകുട്ടിയും ഒരേ പാത്രത്തിൽനിന്നു ഭക്ഷിച്ചു. ചെന്നായ് ആയി വന്നവൻ ആട്ടിൻകുട്ടിയായി തിരിച്ചുപോയി. ഇന്നും ആ വെളിച്ചം പ്രകാശിക്കുന്നു. ആ വെളിച്ചത്തിന് സാക്ഷിയാകാൻ നിന്നെ അവിടുന്നു ക്ഷണിക്കുന്നു. എന്റെയും നിങ്ങളുടെയും ജന്മം മറ്റുള്ളവർക്കു വഴികാട്ടുന്ന വെളിച്ചമായിരുന്നെങ്കിൽ!

അന്ധനു വഴികാട്ടിയായി
മുടന്തന് ഊന്നുവടിയായി
വിശക്കുന്നവന് അപ്പമായി
കരയുന്നവന് സാന്ത്വനമായി
ബലഹീനന് ശക്തിയായി
ബന്ധിതന് മോചനമായി
രോഗിക്കു സൗഖ്യമായി
നിന്നിലുള്ള വെളിച്ചം പ്രകാശിക്കട്ടെ!




പ്രതീക്ഷയുടെ പൂമൊട്ടുകൾ

കഥ

# കുഞ്ഞനിയന്റെ കുസൃതിത്തരങ്ങൾ...

തെരേസ പയിംപള്ളിൽ

കുഞ്ഞനിയനായി മാത്രമേ ഞാൻ അവനെ കണ്ടിട്ടുള്ളൂ. കറുപ്പ് അഴകായിരുന്നു അവന്. അവനെ കണ്ടാൽ ആരും ഒന്ന് നോക്കിപ്പോകും. ആണും പെണ്ണുമായി ഒരുത്തനേ ഉള്ളതുകൊണ്ട് പാലു മുഴവൻ അവനുള്ളതായിരുന്നു. "ജിമ്മിൽ" പോകുന്നതുപോലെയായിരുന്നു അവന്റെ ബോഡി. അവന്റെ പേരാണ് അമ്പൂട്ടൻ. പേരിൽ തന്നെയുണ്ട് അവന്റെ സ്വഭാവം. ഐസക് ന്യൂട്ടനെ അനുകരിക്കുന്നവനാണെന്നു തന്നെ പറയാം. പ്രഭാതം പൊട്ടി മുളയ്ക്കുമ്പോഴേ അവൻ ചാടിയെണീറ്റ് അമ്മയെ വിളിച്ചെഴുന്നേൽപിച്ച് പാലുമുഴുവൻ കുടിച്ച് ചാഞ്ചക്കം ചാഞ്ചക്കം വീട്ടിൽ നിന്ന് തന്റെ ഇഷ്ടലോകത്തേക്ക് ഓടിവരും. വരുന്നതു കാണാൻ ഒരു സ്റ്റൈലാണ്. കുണുങ്ങിയൊഴുകുന്ന പുഴ പോലെയാണ് അവന്റെ നടത്തം. അവൻ നടന്ന് നടന്ന് അവന്റെ പ്രിയപ്പെട്ട ചേച്ചിയെ അമ്പേഷിക്കും. ചേച്ചിയോ അവനെ കാത്ത് നിൽക്കുകയാണ്. മുറ്റത്തു കിടക്കുന്ന പേരയില അവന് വളരെ ഇഷ്ടമാണ്. ആ ഇഷ്ടം തിന്ന് അവൻ പ്രകടമാക്കും. കുണുങ്ങിയോടുമ്പോൾ ഓട്ടത്തിന് ശക്തികൂട്ടാൻ മണികൊണ്ടൊരു മാലയും ഇട്ടുകൊടുത്തു ചേച്ചി. കഴുത്തിൽ മാല അണിയുമ്പോൾ കിണുക്കവും കുലുക്കവും ഇത്തിരി അധികം തന്നെ. അവൻ പേരയില തിന്നാൻ തുടങ്ങുമ്പോഴേ അമ്പൂട്ടന്റെ അയൽവാസികളും അനാഥരുമായ



അപ്പൂസും കുഞ്ഞൂസും വാണം വിട്ടപോലെ വരും. എലുമ്പന്മാരാണവർ. കണ്ണിൽ കണ്ടതൊക്കെ തിന്നും. പക്ഷേ ശരീരത്തിൽ ഒന്നും കാണ്മാനില്ല എന്നു മാത്രം. ചേട്ടൻ ഗുണ്ടുമണിയനായാലും എലുമ്പന്മാരുണ്ടോ വിട്ടു കൊടുക്കുന്നു. അമ്പൂട്ടന് അവരെ കാണുമ്പോഴേ ഒരു പുച്ഛഭാവമാണെങ്കിലും കുഞ്ഞനിയന്മാരെ ജീവനാണ്. അപ്പൂസും കുഞ്ഞൂസും ചേട്ടന്റെ പുറകെ നടന്ന് ചേട്ടൻ എന്തൊക്കെ തിന്നുന്നുവോ അത് കണ്ടു വച്ച് അതിന്റെ ഇരട്ടി തിന്നും. തിന്നുന്നത് മുഴുവൻ ഇവന്മാര് എവിടെക്കൊണ്ടുപോയി വെക്കുന്നതെന്ന് അറിയില്ല. അതാണ് അവരുടെ ശരീര സൗന്ദര്യത്തിന്റെ രഹസ്യം.

അമ്പൂട്ടന്റെ വീടിന് കുറച്ചപ്പുറത്തായി വലിയ ഒരു പാറയുണ്ട്. അവന്റെ നിറമായതുകൊണ്ടാവാം ആ പാറയിൽ, നേർച്ച നേർന്നിട്ടുള്ളതുപോലെ, തുള്ളിച്ചാട്ടവും ആദ്യമായി കണ്ണ് അടയ്ക്കുന്നതുപോലെയുള്ള ഉറക്കവും. ചേട്ടായിയുടെ കൂടെ ഉറങ്ങാനും കളിക്കാനും അപ്പൂസിനും കുഞ്ഞൂസിനും വളരെ ഇഷ്ടമാണ്. ചേട്ടായിയുടെ കുടുക്കൻ വയറിലേക്ക് തലയും വച്ച് സുഖമായി രണ്ടുപേരും ഉറങ്ങും. ഉറങ്ങി എഴുന്നേൽക്കുമ്പോൾ പിന്നെ പാലു കുടിക്കാനായി അമ്പൂട്ടന്റെ അമ്മയെ നോക്കും. എത്ര തീറ്റ കൊടുത്താലും ഈർക്കിലിപോലെയിരിക്കുന്ന അവർക്ക് വയറു നിറയെ അമ്മ പാല് കൊടുക്കും.

കൂട്ടുകാരേ, തന്റെ കുഞ്ഞിനോടൊപ്പംതന്നെ അനാഥരായ മറ്റ് കുഞ്ഞുങ്ങളെയും സ്വന്തമായിക്കരുതി സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന തള്ളയാടും പരസ്പരം സ്നേഹിച്ചും ഒന്നിച്ചു ഭക്ഷിച്ചും കളിച്ചും ഉറങ്ങിയും സാഹോദര്യം പങ്കിടുന്ന ആട്ടിൻകുട്ടികളും നല്കുന്ന സന്ദേശം നമുക്ക് സ്വീകരിക്കാം. വീട്ടിലും നാട്ടിലും കൂട്ടുകാരുടെയിടയിലുമൊക്കെ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും സാഹോദര്യത്തിന്റെയും പരിമളം പരത്തുന്ന നല്ല കുഞ്ഞുങ്ങളായി നമുക്ക് വളരാം.

രൂപീകരണം

# ക്രിസ്തുമസ്



**ലീനാ അറയ്ക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

*"ആകാശത്തിൽ നിന്നും അടർന്നുവീണ മഞ്ഞുകണമേ, ഞങ്ങളുടെ സ്നേഹം യാചിച്ചുകൊണ്ട് സ്നേഹത്തിന്റെ ഭിക്ഷാടകനായിട്ട് അങ്ങു വീണ്ടും ഞങ്ങളുടെ ഇടയിലേക്ക് തിരിച്ചുവരുന്നതാണല്ലോ ക്രിസ്തുമസ്. ഉണ്ണീശോയേ, അങ്ങയെ സ്വീകരിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. തണുത്തു മരവിച്ച ഞങ്ങളുടെ ഹൃദയമാകുന്ന ദരിദ്രമായ കാലിത്തൊഴുത്തിനെ അങ്ങയെ ഏറ്റുവാങ്ങാൻ പര്യാപ്തമായ ചൂടേറിയ വാസസ്ഥലമായി അങ്ങ് രൂപാന്തരപ്പെടുത്തണമേ"* (+ G.G).

ദൈവവചന ശ്രവണവും നിരന്തര പ്രാർത്ഥനയും ഹൃദയനിശബ്ദതയും നമ്മുടെ കാലിത്തൊഴുത്താകുന്ന ഹൃദയം നിർമ്മലമാക്കുവാൻ നമ്മെ സഹായിക്കും. സ്നേഹക്കുറവു മൂലം തണുത്തുറഞ്ഞ നമ്മുടെ ഹൃദയത്തെ പരിശുദ്ധനായ ഉണ്ണീശോയെ സ്വീകരിക്കുവാൻ ഒരുക്കാം. അതിനായി നമ്മുടെ ബന്ധങ്ങളെ സ്നേഹത്തിന്റെ ചൂടിനാൽ ഊഷ്മളമാക്കാം.

*ദൈവവുമായുള്ള ബന്ധം:* ദൈവത്തിന്റെ സ്വരം കേൾക്കാൻ പരി. അമ്മയെപ്പോലെ നമുക്കും നിശബ്ദരാകാം. അവിടുത്തെ സാന്നിദ്ധ്യത്താൽ നിറയുന്നതിനായി നമുക്കു നമ്മെത്തന്നെ സ്വയം ശൂന്യരാക്കാം.

*നമ്മോടുതന്നെയുള്ള ബന്ധം:* കഴിഞ്ഞുപോയ വേദനാജനകമായ അനുഭവങ്ങളെ നമുക്കു മറക്കാം. മൺമറഞ്ഞവയെപ്പറ്റി ചിന്തിക്കാതിരിക്കാം. ദൈവം നമുക്കായി ഒരുക്കുന്ന നൂതനാനുഭവങ്ങളെ മനസ്സിലാക്കി അവയെ കൈനീട്ടി വാങ്ങാം.

*മറ്റുള്ളവരുമായുള്ള ബന്ധം:* കർത്താവിനെ അന്വേഷിക്കുന്നവർക്ക് അവിടുന്ന് സമീപസ്ഥനാണെന്നും തന്നെ വിളിച്ചപേക്ഷിക്കുന്നവരിലേക്ക് കടന്നുവരാൻ കാത്തിരിക്കുന്നവനാണെന്നും വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും ജീവിതശൈലി കൊണ്ടും വെളിപ്പെടുത്തുന്ന ദൈവദൂതരായി നമുക്കു മാറാം.

*സാഹചര്യവുമായുള്ള ബന്ധം:* അക്രമവും സ്വാർത്ഥതയും നിസ്സംഗതയും ഇല്ലാത്ത ജീവിത സാഹചര്യം സൃഷ്ടിക്കുന്നതിനായി സമാധാന ദൂതരും സുവിശേഷ പ്രബോധകരും മിശിഹായുടെ സാക്ഷികളുമായി തീരാം.

പ്രതീക്ഷയുടെ പൂമൊട്ടുകൾ



# നീ കുടുംബത്തിന്റെ തായ്‌വേരാണ്

സാബി, കോഴിക്കോട്

സ്വന്തം പുരയിടത്തിൽ നിധിയിരിക്കെ നിധി തേടി ലോകമെങ്ങും അലയുന്ന കർഷകനെപ്പോലെയാണ് നാം. പലപ്പോഴും നമുക്കു സ്വന്തമായി ദൈവം നല്കിയ നിധികളെ നാം തിരിച്ചറിയാറില്ല. തിരിച്ചറിയുമ്പോഴേക്കും അവർ നമ്മെ വിട്ട് അനന്തതയിലേക്ക് പറന്നുപോയ്ക്കഴിഞ്ഞിരിക്കും.

അന്ധകാരത്തിലാണ് ചെറുതിരിനാളത്തിന്റെ മഹനീയത വ്യക്തമാവുക. കുറവിലേ ഉള്ളവയുടെ മാധുര്യമറിയൂ. കിഴക്ക് വെള്ളകീറുമ്പോൾ മുതൽ അർക്കൻ അമ്പിളിയോട് ചേരും വരെ ഭവനത്തിനലങ്കാരമായി. ഭവനത്തിന്റെ നെടുംതൂണായി നില്ക്കേണ്ടവളാണ് അമ്മ. അലങ്കരിച്ചാലും മതിയാവാത്ത നിരവധി അർത്ഥങ്ങൾ ജീവിതത്തിനു സമ്മാനിക്കുന്ന അമൂല്യ നിക്ഷേപം. ഇവൾ നല്ലതെങ്കിൽ കുടുംബമാകുന്ന വൃക്ഷം വിശുദ്ധിയുടെ ഫലങ്ങൾ ചൂടും. വിശ്വാസവും സ്നേഹവുമാകുന്ന ശാഖകൾ വീശി അനേകർക്ക് തണലും ആശ്വാസവും സമാധാനവുമേകും. തായ്വേര് ബലക്ഷയമുള്ളതെങ്കിൽ അപ്രതീക്ഷിത സമയത്ത് വരുന്ന കാറ്റിലും കോളിലും ഈ മരം നിലംപതിക്കും എന്നത് തീർച്ചയാണ്.

എന്റെ വീടിന്റെ പൂമുഖത്തു നില്ക്കുമ്പോൾ അധികം അകലെയല്ലാതെ കാണാവുന്ന ഒരു ഭവനമുണ്ട്. അവിടുത്തെ പ്രധാന താരമാണ് കത്രിച്ചേടത്തി. ചേടത്തിക്ക് മക്കളേറെ. സ്വതവേ സുന്ദരിയായ ഇവർ മുതലാളിമാരുടെ അന്തിക്കൂട്ടുകാരിയാണെന്ന് നാട്ടുകാർ ഒളിഞ്ഞും തെളിഞ്ഞും പറയുന്നു. ഭാര്യയുടെ ദുർന്നടപ്പിൽ മനംനൊന്ത് ഭർത്താവ് മാനസികരോഗിയായി. പെൺമക്കളോ കണ്ടവർ സമ്മാനിച്ച മക്കളെയും വളർത്തി ജീവിതത്തോട് മല്ലടിക്കുന്നു. ആൺതരികൾ കള്ളുഷാപ്പിലെ അഭയാർത്ഥികളും. നാട്ടുകാരെ അസഭ്യം അഭ്യസിപ്പിക്കുന്ന ഗുരുക്കന്മാരാണിവർ. കുടുംബപ്രാർത്ഥനയുടെ നിമിഷങ്ങൾ കലഹനാടകങ്ങളുടെ അരങ്ങേറ്റ വേദിയാകും. ഓരോ വഴക്കിനുമിടയിൽ മക്കൾ ആക്രോശിക്കുന്ന ഒരു വാചകമുണ്ട്. 'തള്ളേ, നീ ചൊവ്വുള്ളതായിരുന്നെങ്കിൽ ഞങ്ങൾക്കീ ഗതി വരില്ലായിരുന്നു... നീ ഞങ്ങളെ നേരായ വഴിയേ നടത്തിയിരുന്നുവെങ്കിൽ ഞങ്ങളെ മനുഷ്യർ പുച്ഛിക്കില്ലായിരുന്നു.' അറിയാതെ ഞാനും ചോദിച്ചുപോയി, രാപകലില്ലാതെ മക്കളെയും, മരുമക്കളെയും പഴിചാരി നടക്കുന്ന ഈ അമ്മ തന്റെ ജീവിതം കൊണ്ട് എന്തു നേടി? ജന്മം കൊടുത്തതുകൊണ്ടു മാത്രം നീ അമ്മയായോ? ഭക്ഷണം കൊടുത്തതുകൊണ്ട് അമ്മയുടെ ദൗത്യം തീർന്നോ?

മാതാവ് മാതൃകയാകേണ്ടവളാണ്. ധാർമ്മികതയും സദാചാരവും സന്മാർഗ്ഗവും

എളിമയും ലാളിത്യവും മനക്കരുത്തും മക്കൾക്കു ദർശിക്കുവാൻ കഴിയേണ്ട ജീവിക്കുന്ന ദർപ്പണങ്ങളാകണമവൾ. ആ ദർശനത്തിൽ നോക്കി വേണം മക്കൾക്ക് തങ്ങളുടെ സ്വഭാവത്തെ രൂപപ്പെടുത്തുവാൻ. എങ്കിലേ മക്കൾ സുന്ദരീസുന്ദരന്മാരാവൂ. നാടിനും വീടിനും വേണ്ടപ്പെട്ടവരാകൂ.

കുടുംബത്തിലെ ഓരോ കുഞ്ഞിന്റെയും വിശുദ്ധീകരണകർമ്മത്തിനുള്ള കർത്താവിന്റെ സഹരക്ഷകയാണവൾ. അതിനവൾ ദൈവത്തിന് നല്കുക വെറും മെഴുകുതിരികളല്ല. സ്വന്തം സുഖാഭിലാഷങ്ങളുടെ ദഹനകർമ്മമാണ്.... ഹൃദയതപത്താൽ പതഞ്ഞുപൊങ്ങിയ കണ്ണുനീർ കണങ്ങളാണ്. മടികൂടാതെ, സംതൃപ്തിയോടെ തേഞ്ഞുതീർന്ന പാണികളിലുരുളുന്ന ജപമണികളാണ്. പകലിനൊടുവിൽ തളർന്നു വീണുറങ്ങാൻ കൊതിക്കുമ്പോഴും തന്റെ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥന ഉയർത്തുവാൻ മുട്ടിൽ നില്ക്കുന്ന അവളുടെ വിയർപ്പു തുള്ളികളാണ്. അർഹിക്കുന്നത് ഒന്നും ലഭിക്കാതെ വരുമ്പോഴും അർഹത



നോക്കാതെ സ്വയം മുറിച്ചു വിളമ്പാനറിയുന്ന ഹൃദയത്തിന്റെ വിശാലതയാണ്.

ഓരോ ശ്വാസത്തിലും 'എന്റെ കുഞ്ഞിനെ കാക്കണേ' എന്ന പ്രാർത്ഥന മാത്രമല്ലേ അവൾക്ക് അവളുടെ സ്രഷ്ടാവിനോട് യാചിക്കാനുള്ളൂ. ഈ പ്രാർത്ഥനയ്ക്കു മുമ്പിൽ സ്വർഗ്ഗംപോലും തോറ്റുപോകുന്നു. കാരണം, അവൾ അനുദിനം ബലിയാകുന്നവളാണ്, ബലിയാകാൻ പഠിപ്പിക്കുന്നവളാണ്, ബലി ജീവിതത്തിലേക്ക് മക്കളെ കൂട്ടിക്കൊണ്ടുപോകുന്നവളാണ്.

അമ്മ എന്ന ഈ വഴി ധൈര്യത്തോടെ നമുക്കു പിൻചെല്ലാം. കാരണം, ഇത് സ്വർഗ്ഗത്തിലേക്കുള്ള വഴിതന്നെയാണ്. ഇനിയും തിരിച്ചറിയാതിരുന്ന **അമ്മ** എന്ന ഈ അത്ഭുതത്തിനു മുമ്പിൽ അമ്പരപ്പോടെ നില്ക്കാനെങ്കിലും കഴിഞ്ഞാൽ അത് ഓരോ മക്കളുടെയും പുണ്യം തന്നെ. ഓരോരുത്തരിലും ദൈവം നിക്ഷേപിച്ച ഈ മാതൃത്വത്തിന്റെ 'കനൽ' അല്പമൊന്നൂതി തെളിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ കൊലയും കൊള്ളിവയ്പും സ്വയം ഹത്യകളും ഉണ്ടാകുമായിരുന്നില്ല.

അമ്മയായവരും അമ്മയാകേണ്ടവരുമായ എല്ലാ സ്ത്രീകൾക്കുമായി ഒരു ഓർമ്മക്കുറിപ്പ്

നീ തായ്‌വേരാണ്, നിനക്കിളക്കം തട്ടിയാൽ
ഭവനം തന്നെ നിലംപതിക്കും.
നിന്റെ അധരങ്ങളിൽ അനുഗ്രഹം തുളുമ്പിയാൽ
ഒരു കര തന്നെ അനുഗ്രഹപ്രദമാകും.
നിന്റെ കരങ്ങൾ ശാപഗ്രസ്തമായാൽ
ഈ ലോകം തന്നെ ചാമ്പലാകും.
നിന്റെ ഹൃദയം സ്നേഹത്താൽ നിറഞ്ഞാൽ
ഭവനം സമാധാന പൂർണമാകും.
നിന്റെ പാദം സത്യത്തിൽ ചരിച്ചാൽ
ഭവനം പ്രകാശപൂരിതമാകും.
നിന്റെ ചിന്ത ദൈവികമായാൽ
ഭവനം ദൈവാലയമാകും.
നിന്റെ കർമ്മം നീതിപൂർവ്വകമായാൽ
തലമുറകൾ ശക്തിപ്രാപിക്കും.
നിന്റെ ജീവിതം വിശുദ്ധമായാൽ
തീർച്ചയായും പാപിയായ ഞാനും
വിശുദ്ധിപൂകും...

പ്രതീക്ഷയുടെ പൂമൊട്ടുകൾ

വിചാരണ



# കറുപ്പടിയുടെ മനശ്ശാസ്ത്രം

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

അച്ചനീ താടിയൊക്കെയൊന്നു ഡൈ ചെയ്ത് അല്പംകൂടി സ്മാർട്ടായിട്ട് നടന്നുകൂടെ. താടിരോമങ്ങൾക്കിടയിൽ വെളുപ്പുനിറം കൂടിവന്നപ്പോൾ മുതൽ ഇടയ്ക്കൊക്കെ കേൾക്കുന്ന ഉപദേശമാണിത്. സ്മാർട്ട്നെസിന്റെ മാനദണ്ഡം എണ്ണക്കറുപ്പുള്ള രോമങ്ങളാണെന്നു കരുതുന്നവരുടെയുള്ളിൽ ന്യായമായും ഉണ്ടാകുന്ന ഒരു ചോദ്യമാണിത്. നരയ്ക്കിപ്പോൾ പ്രായവും കാലവുമൊന്നും നോട്ടമില്ലാത്തതുകൊണ്ട് കൊച്ചുകുട്ടികളുടെപോലും മുടി നരയ്ക്കുന്നത് സർവസാധാരണമാണ്. അങ്ങനെയുള്ളവർ മുടി കറുപ്പിക്കാനുള്ള മാർഗങ്ങൾ സ്വീകരിക്കുന്നത് തെറ്റാണെന്നു പറയാൻ സാധിക്കില്ല. അവരെക്കുറിച്ചല്ലതാനും ഈ കുറിപ്പുകൾ.

വാർദ്ധക്യത്തെ ഉൾക്കൊള്ളാനാവാത്ത പുതുതലമുറ അവരോടു ചെയ്യുന്ന ക്രൂരതകൾ സമൂഹത്തിന്റെ കാലികപ്രതിസന്ധിയാണ്. വൃദ്ധമാതാപിതാക്കളെ പൂച്ചക്കുഞ്ഞുങ്ങളെ ഉപേക്ഷിക്കുന്നതുപോലെ വണ്ടിയിൽ കയറ്റി വഴിയിൽ തള്ളുന്നതും പട്ടിക്കൂട്ടിലടച്ച് ഉറുമ്പിനും പുഴുവിനും ആഹാരമായിക്കൊടുക്കുന്നതും ഇന്ന് ചൂടില്ലാത്ത വാർത്തകളായി മാറിയിരിക്കുന്നു. വർദ്ധിച്ചുവരുന്ന വൃദ്ധമന്ദിരങ്ങളും അവിടെ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധജനങ്ങളുടെ നിശ്വസനങ്ങളും ഇടയ്ക്കൊക്കെ പത്രമാധ്യമങ്ങളിലൂടെ നമ്മുടെ മനസ്സാക്ഷിയെ അസ്വസ്ഥമാക്കുന്നുമുണ്ട്. അതിനേക്കുറിച്ചുമല്ല ഈ കുറിപ്പുകൾ.


അതേസമയം സ്വന്തം വാർദ്ധക്യത്തെ അംഗീകരിക്കാൻ കഴിയാത്ത ഒരുപറ്റം മനുഷ്യർ ഇന്നു സമൂഹത്തിലുണ്ട്. വാർദ്ധക്യത്തെ മറയ്ക്കാൻ ചില വിഫലശ്രമങ്ങൾ നടത്തി തങ്ങൾ കൊച്ചുമക്കളെക്കാൾ സ്മാർട്ടാണെന്ന ഭാവത്തിൽ നടക്കുന്നവർ. അതിന്റെ ഏറ്റവും പ്രധാന പ്രകടനമാണ് തങ്ങൾക്കു സ്വാഭാവികമായുണ്ടാകുന്ന നരയെ കറുപ്പടിച്ചു മറയ്ക്കുന്നത്. മുടിയിലടിക്കുന്ന കറുപ്പുനിറം കുറച്ചുനാളത്തേയ്ക്കു അവിടെയുണ്ടാകുമെങ്കിലും മറ്റു വാർദ്ധക്യലക്ഷണങ്ങൾ മറയ്ക്കാൻ സാധിക്കില്ലല്ലോ. പ്രായാധിക്യത്താൽ ചുക്കിച്ചുളിഞ്ഞ മുഖവും അതിന്റെ പശ്ചാത്തലമായി നില്ക്കുന്ന കരിതേച്ച മുടിയും തമ്മിൽ യാതൊരു കോമ്പിനേഷനുമില്ല എന്നതാണ് സത്യം. ജീവിതാനുഭവ

ങ്ങളുടെയും പ്രായത്തിന്റെയും ചുളിവുകൾ വീണ മുഖത്തിന് എന്തുകൊണ്ടും യോജിക്കുന്നത് സ്വാഭാവികമായ നരച്ച മുടികൾ തന്നെയാണ്. ശരീരത്തിന്റെ അവസ്ഥയും ആകൃതിയുമാണ് സ്മാർട്ട്നെസിന്റെ അടിസ്ഥാനമെന്നു ചിന്തിക്കുന്നവരാണ് പ്രായത്തിന്റെ സ്വാഭാവികലക്ഷണങ്ങളെ മറച്ചുവയ്ക്കാൻ ഓരോ കോലംകെട്ടി നടക്കുന്നത്.

മുതിർന്ന തലമുറ തങ്ങളുടെ ജീവിതാവസ്ഥയെ അഭിമാനത്തോടെ അംഗീകരിക്കുകയും മറ്റുള്ളവർക്കു പ്രചോദനമാകുന്ന തരത്തിൽ ജീവിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഇന്ന് പ്രായമായവരെ സമൂഹം അംഗീകരിക്കാതെയും ആദരിക്കാതെയുമിരിക്കുന്നെങ്കിൽ അതിന്റെ ഒരു കാരണം അവരുതന്നെ. തങ്ങളുടെ ജീവിതാവസ്ഥയെ ഉൾക്കൊള്ളാതിരിക്കുകയും അതിനെ മറച്ചുവയ്ക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു എന്നതാണ്. വാർദ്ധക്യം സംഭവിക്കാൻ പാടില്ലാത്ത ഒരു ജീവിതാവസ്ഥയാണെന്ന് അതിലൂടെ അവർ ചെറുതലമുറയെ ബോധിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ പരിണതഫലമായി വാർദ്ധക്യത്തെ വെറുക്കുകയും അവഗണിക്കുകയും ചെയ്യാനുള്ള ഒരു മനസ് അവരിൽ രൂപപ്പെടുകയും ചെയ്യുന്നു.

ഒന്നര മാസങ്ങൾക്കുമുമ്പ്, ഇനി മുടിയും താടിയും കറുപ്പിക്കില്ല എന്നു പ്രഖ്യാപിച്ച ഗാനഗന്ധർവൻ യേശുദാസ് ഇപ്പോഴിതാ തന്റെ കൊച്ചുമക്കളെ പഴിചാരി വീണ്ടും കറുപ്പടിക്കാൻ തുടങ്ങിയിരിക്കുന്നു. കൊച്ചുമക്കൾക്കു തന്നെ തിരിച്ചറിയാൻ സാധിക്കുന്നില്ല എന്ന അദ്ദേഹത്തിന്റെ ന്യായവാദത്തെ എങ്ങനെ വ്യാഖ്യാനിക്കണമെന്നറിയില്ല. വല്യപ്പന്റെ സ്നേഹസ്പർശവും ലാളനയും സ്വരവും ഗന്ധവുമൊന്നുമല്ല, മറിച്ച് അദ്ദേഹത്തിന്റെ രോമത്തിന്റെ നിറമാണ് അപ്പന്മാരെ തിരിച്ചറിയാൻ കൊച്ചുമക്കൾക്കുള്ള മാർഗമെന്നു വേണമോ അതിനെ വ്യാഖ്യാനിക്കാൻ!


വാർദ്ധക്യം അനുഗ്രഹമാണ്. വല്യപ്പന്റെയും വല്യമ്മയുടെയുംകൂടെ ജീവിക്കാൻ അവസരം ലഭിക്കുന്ന കുഞ്ഞുങ്ങൾ ഭാഗ്യം ചെയ്തവരാണ്. അവരുടെ ലാളനയും സ്പർശനവും ശാസനയും തിരുത്തലുകളും ഒരു തലമുറയുടെ ചൂരും ചൂടും കുഞ്ഞുഹൃദയങ്ങളിലേക്കു കൈമാറ്റം ചെയ്യപ്പെടാനുള്ള വഴികളാണ്. അവരുടെ ജീവിതവീക്ഷണങ്ങളും ജീവിതാനുഭവങ്ങളും കുഞ്ഞുങ്ങൾക്കു പ്രചോദനമായി മാറേണ്ടതാണ്. നരച്ച മുടിയും അദ്ധ്വാനത്തിന്റെ കാഠിന്യത്താൽ രൂപമാറ്റം വന്ന കൈകാലുകളുമാണ് വല്യപ്പന്റെ സൗന്ദര്യം. ചുളിവുകൾ വീണ മുഖവും മക്കൾക്കു നീരൂറ്റിക്കൊടുത്ത് ചുക്കിച്ചുളിഞ്ഞ ശരീരവുംതന്നെയാണ് വല്യമ്മച്ചിയുടെ സൗന്ദര്യം. മുടിയും മുഖവുമൊക്കെ ചില കൈക്രിയകൾ ചെയ്ത് ഐശ്വര്യാ ബച്ചനെപ്പോലെയാക്കുകയും ബാക്കി ശരീരഭാഗങ്ങളൊക്കെ ഡാകിനിയമ്മൂമ്മയെപ്പോലെയിരിക്കുകയും ചെയ്യുന്നത് മഹാബോറാണ്. അതുകൊണ്ട് മക്കൾക്കു മുമ്പിലും സമൂഹത്തിലും ഫാൻസിഡ്രസ് നടത്താതെ അവർക്കു പ്രചോദനവും സുരക്ഷിതത്വവും നല്കാൻ സാധിക്കുന്ന ഏറ്റവും ശക്തമായ ഉപകരണമാണ് തങ്ങളുടെ ദുർബലശരീരങ്ങളെന്നു തിരിച്ചറിഞ്ഞ് അഭിമാനത്തോടെ ജീവിച്ചു മരിക്കാൻ മുതിർന്ന തലമുറയ്ക്കു സാധിക്കട്ടെ.



പ്രതീക്ഷയുടെ പൂമൊട്ടുകൾ



# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയേ



**നോയൽ ജോർജ്**

**1-ാം ദിവ്യരഹസ്യം:** ദൂതൻ അവളുടെ അടുത്തു വന്ന് പറഞ്ഞു; "ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി. കർത്താവ് നിന്നോടുകൂടെ!" മംഗളവാർത്ത അറിയിച്ചുകൊണ്ട് വലിയൊരു ദൗത്യം ദൂതൻ മറിയത്തെ ഭരമേല്പിക്കുന്നു. ഇപ്രകാരം ദൈവത്താൽ ഓരോരോ ദൗത്യനിർവഹണച്ചുമതല ഏൽപിക്കപ്പെട്ടവരാണ് നാമോരോരുത്തരും. നമ്മുടെ ദൗത്യം അതിന്റെ തികവിൽ നിർവ്വഹിക്കുവാൻ, കടലിന്റെ എതിർപ്പിനെ വകവയ്ക്കാതെ ആഴത്തിലേക്ക് നീങ്ങി വലയിറക്കുവാൻ നമ്മെ ശക്തിപ്പെടുത്തി അനുഗ്രഹിക്കണമേയെന്ന് പരി. അമ്മയോട് നമുക്ക് മാധ്യസ്ഥ്യം യാചിക്കാം.

**2-ാം ദിവ്യരഹസ്യം:** "ആ ദിവസങ്ങളിൽ മറിയം യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്ക് തിടുക്കത്തിൽ യാത്ര പുറപ്പെട്ടു." ദൈവത്തിന്റെ വലിയകൃപ തന്നിൽ നിറഞ്ഞപ്പോൾ, അത് പകർന്നുകൊടുക്കുന്നതിനായി തിടുക്കത്തിൽ യാത്രയാകുന്ന പരി. മറിയം. പരി. അമ്മയുടെ പ്രേഷിത തീക്ഷ്ണത നമുക്ക് ധ്യാനവിഷയമാക്കാം. അമ്മേ, മാതാവേ, നിന്റെ തിരുക്കുമാരനിലൂടെ നൽകപ്പെട്ട വലിയസ്നേഹം എല്ലാവരിലും എത്തിക്കാനുള്ള പ്രേഷിത തീക്ഷ്ണത ഞങ്ങളിലും ജനിപ്പിക്കുന്നതിനായി നിന്റെ ശക്തിയേറിയ മാധ്യസ്ഥ്യം ഞങ്ങൾ യാചിക്കുന്നു.


**3-ാം ദിവ്യരഹസ്യം:** "മറിയം പറഞ്ഞു: എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു, എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു."
ശക്തനായവൻ എളിയ ദാസിയിൽ വൻകാര്യങ്ങൾ പ്രവർത്തിച്ചപ്പോൾ മറിയം ദൈവത്തെ മഹത്ത്വപ്പെടുത്തുന്നു. ദൗത്യവാഹകരായ നാമും അവിടുത്തെ വിസ്മയനീയ പ്രവൃത്തികളെ പ്രഘോഷിച്ച്, ദൈവത്തെ മഹത്ത്വപ്പെടുത്തേണ്ടവരാണ്. അവിശ്രമം ദൈവ മഹത്ത്വം പ്രഘോഷിക്കുന്ന സർവ്വചരാചരങ്ങളോടും ചേർന്ന്, ജീവിതസാക്ഷ്യത്തിലൂടെ തെളിഞ്ഞു പ്രകാശിച്ചുകൊണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുവാനുള്ള കൃപയ്ക്കായി പരി. അമ്മയോട് നമുക്ക് മാദ്ധ്യസ്ഥ്യം യാചിക്കാം.

**4-ാം ദിവ്യരഹസ്യം:** "ശിമയോൻ ശിശുവിനെ കൈയിലെടുത്ത്, ദൈവത്തെ സ്തുതിച്ചുകൊണ്ട് പറഞ്ഞു: കർത്താവേ അവിടുത്തെ വാഗ്ദാനമനുസരിച്ച്, നിന്റെ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കേണമേ. എന്തെന്നാൽ സകല മനുഷ്യർക്കും വേണ്ടി നീ ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു" ദിവ്യശിശുവിനെ ദർശിച്ചപ്പോൾ ദൈവത്താൽ ഒരുക്കപ്പെട്ട രക്ഷയെ തിരിച്ചറിഞ്ഞ ശിമയോൻ ദൈവത്തെ മഹത്ത്വപ്പെടുത്തുന്നു. ഇപ്രകാരം നമുക്കോരോരുത്തർക്കും സഹോദരങ്ങളുടെ മുഖത്തുനിന്നും, ദൈവസ്നേഹത്തിന്റെ മനോഹാരിത ഒപ്പിയെടുത്തുകൊണ്ട്, രക്ഷയുടെ അനുഭവം യാഥാർത്ഥീകരിക്കുന്നതിനുള്ള കൃപയ്ക്കായി പരി. അമ്മയോട് മാദ്ധ്യസ്ഥ്യം യാചിക്കാം.

**5-ാം ദിവ്യരഹസ്യം:** "ശിമയോൻ അവരെ അനുഗ്രഹിച്ചുകൊണ്ട്, അവന്റെ അമ്മയായ മറിയത്തോട് പറഞ്ഞു: നിന്റെ ഹൃദയത്തിലൂടെ ഒരുവാൾ തുളഞ്ഞുകയറും." അവിശ്വസനീയമായ കാര്യങ്ങൾ തന്നിൽ സംഭവിക്കുമെന്ന അറിയിപ്പുണ്ടായപ്പോൾ പൂർണമായും വിശ്വസിച്ചുകൊണ്ട്, ദൈവത്തിലുള്ള വിശ്വാസം ഏറ്റുപറഞ്ഞവളാണ് പരി. അമ്മ.

നമ്മുടെ ജീവിതത്തിലും പ്രതിസന്ധികളും പ്രയാസങ്ങളും അഭിമുഖീകരിക്കേണ്ടിവരുമ്പോൾ, തളരാതെ, തളർന്നാലും വീണുപോകാതെ, വിശ്വസ്തതയോടെ അടുത്ത ചുവട് വയ്ക്കുവാനും, വീണ്ടും ആരംഭിക്കുന്നതിൽ മടുപ്പില്ലാതിരിക്കുവാനും എപ്പോഴും ഞങ്ങളെ സഹായിച്ച് ശക്തിപ്പെടുത്തണമേയെന്ന് പരി. അമ്മയോട് നമുക്ക് മാദ്ധ്യസ്ഥ്യം അപേക്ഷിക്കാം.

“ഇതാകുന്നു ദൈവഹിതം - നിങ്ങളുടെ വിശുദ്ധീകരണം”
(1 തെസ 4,3).



ദൈവദാസൻ
ബിഷപ് വില്യം ജക്വീന്താ

## ആദരണീയനായ സഭാസ്നേഹി

സഭയുടെ പ്രബോധനങ്ങളെ, സാമൂഹിക യാഥാർത്ഥ്യങ്ങളെ രക്ഷാകരമായി വായിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. അങ്ങനെ ദൈവത്തെ ആവശ്യമുള്ള ഒരു സമൂഹത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നമ്മെ സഹായിക്കത്തക്ക രീതിയിലായിരുന്നു ആ വായന. അജപാലനരംഗത്തും ആരാധനക്രമത്തിലുമുള്ള ഓരോ നവീകരണത്തിലും അതീവ ശ്രദ്ധാലുവായിരുന്നു അദ്ദേഹം. സഭയോട് എപ്പോഴും അനുസരണയുള്ളവനായി നിലകൊണ്ടു. “സഭ ആഗ്രഹിക്കുന്നതെല്ലാം നമുക്കും ആഗ്രഹിക്കാം, സഭ ചിന്തിക്കുന്നത് നമുക്കും ചിന്തിക്കാം, സഭ ആവശ്യപ്പെടുന്ന മാർഗ്ഗനിർദ്ദേശമനുസരിച്ച് നമുക്ക് മുമ്പോട്ടു പോകാം”. ഇങ്ങനെയെല്ലാം പുത്രനിർവ്വിശേഷമായ സ്നേഹത്തോടെ അദ്ദേഹം പറഞ്ഞിരുന്നു.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

For private circulation only

**"ആദിയിൽത്തന്നെ പിതാവിൽ നിന്നു ജനിച്ചവനായ പുത്രനെ മനുഷ്യരുടെ സാദൃശ്യത്തിൽ സ്ത്രീയിൽനിന്നു ജനിക്കുവാനയച്ച ദൈവമേ, ഞങ്ങളോടു കാണിച്ച അതുല്യമായ ഈ സ്നേഹത്തിന് ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. മിശിഹാ ഞങ്ങൾക്കു പകർന്നു തന്ന ആയുസ്സിന്റെ വചനങ്ങളെ ഹൃദയത്തിൽ ധ്യാനിച്ച് അവയുടെ വെളിച്ചത്തിൽ ജീവിതം നയിക്കുവാൻ ഞങ്ങൾക്കു കൃപ ചെയ്യണമേ"**

(മംഗലവാർത്താക്കാലം, വ്യാഴം-റംശ)



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്